# HIGHRANGE ECHO

**ബ്രദറൺ ഗോസ്പൽ ടീമിന്റെ മുഖപത്രം**

2012 ഫെബ്രുവരി | Reg. No. 29542/76 | പുസ്തകം 35, ലക്കം 2

പൂമുഖം

## ഉപവാസം ഉത്സവമായി

*ജോൺ കുര്യൻ*

**പേർഷ്യൻ** രാജാവായ അഹശ്വേരോശിന്റെ കാലത്ത് തന്റെ അധീനതയിലുള്ള 120 സംസ്ഥാനങ്ങളിൽ ചിതറി പാർത്തിരുന്ന യഹൂദജനത്തെ ഉന്മൂലനം ചെയ്യുന്നതിനായി യഹൂദജനത്തിന്റെ ശത്രുവായ ഹാമാൻ പദ്ധതിയിട്ടു. രാജാവിന്റെ പ്രമാണങ്ങളെ അനുസരിക്കുന്നില്ല എന്ന കുറ്റമാണ് യഹൂദ ജനതയുടെ മേൽ ചുമത്തിയത്. നിശ്ചയിക്കപ്പെട്ട ദിവസം യഹൂദന്മാരെ ആബാലവൃദ്ധം കൊന്നു മുടിക്കയും അവരുടെ വസ്തുവക കൊള്ളയിടുകയും ചെയ്യണമെന്നുള്ള രാജകല്പന എല്ലാ സംസ്ഥാനങ്ങളിലും പ്രസിദ്ധമാക്കി. കല്പനയുടെ പകർപ്പ് ശൂശൻ രാജധാനിയിലും പരസ്യപ്പെടുത്തി. യഹൂദന്മാരുടെ ഇടയിൽ മഹാദുഃഖവും ഉപവാസവും കരച്ചിലും വിലാപവുമുണ്ടായി. ശൂശൻ പട്ടണം കലങ്ങിപോയി. ഈ വിഷയം രാജസന്നിധിയിൽ അറിയിക്കുവാൻ രാജ്ഞിയായ എസ്ഥേർ തീരുമാനിച്ചു. അതിനുമുമ്പായി ശൂശൻ പട്ടണത്തിലുള്ള സകല യഹൂദന്മാരുടെയും ഇടയിൽ മൂന്നുദിവസത്തെ ഉപവാസം പ്രസിദ്ധപ്പെടുത്തി. ഉപവാസം എസ്ഥേർ രാജ്ഞിക്ക് രാജാവിന്റെ മുമ്പിൽ മദ്ധ്യസ്ഥത ചെയ്യുന്നതിനുള്ള തയ്യാറെടുപ്പായിരുന്നു. രാജ്ഞി ആയിരുന്നാലും നിയമപ്രകാരമല്ലാതെ ആർക്കും രാജാവിന്റെ അടുക്കൽ കടന്നു ചെല്ലുവാനുള്ള അനുവാദം അന്ന് ഉണ്ടായിരുന്നില്ല. അനുവാദം ഇല്ലാതെ ചെന്നാൽ അയാൾ മരണശിക്ഷ ഏൽക്കണം. എന്നാൽ ഈ മൂന്നു ദിവസത്തെ ഉപവാസത്തിന്റെ ഫലമായി ദൈവം എസ്ഥേർ രാജ്ഞിക്ക് അസാധാരണമായ ഒരു ധൈര്യം നൽകി. അവൾ പ്രഖ്യാപിച്ചു ഞാൻ നശിക്കുന്നു എങ്കിൽ നശിക്കട്ടെ (എസ്ഥേർ 4:16) ക്രിസ്തു ചെയ്തതുപോലെ തന്റെ ജനത്തിനു വേണ്ടി സ്വയം മരണം വരിക്കുവാൻ എസ്ഥേർ സന്നദ്ധയായി. എന്നാൽ പ്രാകാരത്തിൽ നിൽക്കുന്ന രാജ്ഞിയെ രാജാവ് അംഗീകരിച്ചതിനാൽ അവൾ മരിക്കേണ്ടിവന്നില്ല. ക്രിസ്തു തന്റെ ജനത്തിനുവേണ്ടി ദൈവത്തോട് മദ്ധ്യസ്ഥതയും അഭയയാചനയും ചെയ്യുന്നതുപോലെ എസ്ഥേർ തന്റെ ജനത്തിനുവേണ്ടി രാജാവിനോട് അഭയയാചന നടത്തി. അവൾ അപേക്ഷിച്ചത് രാജാവ് അവൾക്ക് നൽകി. അതുകൊണ്ട് യഹൂദന്മാർക്ക് പ്രകാശവും സന്തോഷവും ആനന്ദവും ബഹുമാനവും ഉണ്ടായി. വിലാപദിനങ്ങൾ ആനന്ദ ദിനങ്ങൾക്ക് ജന്മം നൽകി. ഒരിക്കൽ കലങ്ങിപോയ ശൂശൻ പട്ടണം ആർത്തു സന്തോഷിച്ചു. മൂന്നുദിവസത്തെ ഉപവാസം യഹൂദജനത്തിന് ഉത്സവമായി മാറി.

ന്യായവിധിയുടെ വാൾ നമ്മുടെ ദേശങ്ങളിന്മേലും പട്ടണങ്ങളിലും ഉയർന്നു നില്ക്കുന്നു. പാപം അതിന്റെ അത്യുച്ചകോടിയിൽ എത്തിയിരിക്കുന്നു. ന്യായവിധിയുടെ സമയം അടുത്തിരിക്കുന്നു. തന്നെത്താൻ താഴ്ത്തി മാനസാന്തരത്തോടുകൂടിയ പ്രാർത്ഥനയാൽ മാത്രമേ ന്യായവിധിയിൽനിന്ന് ദേശം വിടുവിക്കപ്പെടുകയുള്ളു. ദൈവം നാശത്തിൽ നിന്ന് വിടുവിക്കുന്നവനാണ്.

(തുടർച്ച 3 – ാം പേജ്)

### മാത്തൂച്ചായൻ



കുമ്പനാട് സഭ ബി.സി.സി.എഫിന് എതിരെ തിരിച്ചെന്ന് – പത്ര വാർത്ത! അച്ചായന്റെ പ്രതികരണം എന്താണ്?

പ്രതികരിക്കുന്നില്ല. കുഞ്ഞേലിയാമ്മ അതു പറഞ്ഞപ്പോൾ ഞാൻ ഓർത്തത് എസ്തേർ 6.12,13 വാക്യങ്ങളാണ്.

*കെ.വി. ഐസക്ക് പീച്ചി*

# വിശ്വാസികളിൽ സംഘടനകൾ ഉണ്ടാവുന്നതും ഉണ്ടാക്കുന്നതും അന്യായവും മത്സരവും ആകുന്നു

**പുതിയ നിയമസഭക്ക് ഉപദേശങ്ങൾ സ്വർഗ്ഗീയ പിതാവ് തന്റെ ഏകജാതനായ കർത്താവായ യേശുക്രിസ്തുവിലൂടെ നമുക്ക് തന്നു യോഹ. 7:16. സ്ഥലം സഭകൾക്കുള്ള ഉപദേശങ്ങൾ പുതിയ നിയമലേഖകന്മാരിലൂടെ തന്നു. വിശ്വാസികൾക്കിടയിൽ ആട്ടിൻ കൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചു കളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേൽക്കും. അതുകൊണ്ട് ഉണർന്നിരിപ്പിൻ അപ്പോ. 20:29–30.**

**ഇ**ന്ന് ക്രിസ്തീയ സഭ നേരിടുന്ന ആത്മീയ ദാരിദ്രത്തിനു കാരണം എന്ത്? – സഭകൾ പരിപാലിക്കപ്പെടുന്നില്ല എന്നതാണ് കാരണം. സഭകൾക്ക് പ്രാസംഗികർ ഉണ്ട് എന്നാൽ പരിപാലകരില്ല. ഇതെല്ലാം കുഴഞ്ഞ പ്രശ്നങ്ങളായി അഥവാ കെട്ടുപിണഞ്ഞ നൂലുണ്ടായായി എന്നതാണ് ഇന്നത്തെ സഭാസ്ഥിതി. വളരെ ബൈബിൾ സ്ക്കൂളുകളും അദ്ധ്യാപകരും ബൈബിൾ വിദ്യാർത്ഥികളും ജ്ഞാനികളും ഇന്ന് വേർപെട്ട ദൈവജനത്തിനുണ്ട്. എന്നാൽ ഇവർ സഭക്ക് അന്യരാണ് എന്നു പറഞ്ഞാൽ ഒരു സ്ഥലത്തെ പ്രദേശിക സഭകൾക്ക് ഇവരിൽ നിന്ന് വചനമോ പരിപാലനമോ ലഭിക്കുന്നില്ല. ഇന്നു മൂപ്പൻമാരെന്നു വിശേഷിപ്പിക്കുന്നവർ തങ്ങൾ ചെയ്യുന്ന ശുശ്രൂഷ എന്താണെന്നും എവിടെ നിന്നാണ് എന്നും ബോദ്ധ്യമുള്ളവർ എത്രയുണ്ടെന്നും പരിശോധിക്കണം. യേശുക്രിസ്തുവിന്റെ സഭയ്ക്ക് നിയമനം ഉയരത്തിലെ ദാനങ്ങളും വരങ്ങളും മാത്രമാകുന്നു. സഭ എന്ന ദൈവ പദ്ധതി ലോകസംഘടനകളോ മത സംഘ്യങ്ങളോ അല്ല. സഭ എന്നത് ഒരു കൂട്ടത്തെയാണ് വിളിക്കുന്നത്. സഭ എന്നത് ഭരണ നിയന്ത്രണത്തിന് വേണ്ടിയുള്ളതാണ്. ക്രിസ്തു സഭയെ ദൈവം തന്റെ പുത്രന്റെ ചോരയാൽ വീണ്ടെടുക്കപ്പെട്ട കൂട്ടമാണ് എന്നും ഈ കൂട്ടത്തെ നിയന്ത്രിക്കുന്നത് അഥവാ ഈ സഭാ അംഗങ്ങളെ നിയന്ത്രിക്കുന്നത് സഭയിൽ നിന്നുതന്നെയാണ്.

ഇതിനാൽ യാതൊരു സഭാംഗത്തേയും ഉത്തേജിപ്പിക്കുന്നതിനായി സഭയിൽ നിന്ന് സംഘടനകൾ ഉണ്ടാകുന്നതും ഉണ്ടാക്കുന്നതും അന്യായവും ദൈവത്തോട് മത്സരവും ആകുന്നു എന്ന് സഭാബോധമുള്ള യാതൊരുവന് ബോധ്യം വരും. ദൈവസഭ ഭൂമിയിൽ സ്ഥാപിക്കുന്നത് ഉപദേശത്താൽ ആകുന്നു എന്നും നിയമങ്ങളാൽ ഇതു സ്ഥാപിച്ചു എന്നും നാം മനസിലാക്കണം. ഈ നിയമങ്ങൾ എവിടെ നിന്നാണ് വന്നതെന്നും ആരാണ് സ്ഥാപിച്ചതെന്നും ബോധപൂർവ്വം മനസിലാക്കുന്ന യാതൊരുവന് സഭയിൽ ഒരു അംഗത്തെ നിയന്ത്രിക്കുന്നതിന് യാതൊരു നിയമവും ഉണ്ടാക്കുന്നതല്ല. കർത്താവിനെ ലോകത്തിലേക്ക് അയ്ക്കുന്നത് (യശയ്യ. 42:1–4) ഭൂമിയിൽ ന്യായം സ്ഥാപിക്കുന്നതിനായിട്ടാണ്. യശയ്യ. 42:8 ൽ പറഞ്ഞിരിക്കുന്നത് ദൈവ മഹത്വം ഇനി ആർക്കും വിട്ടു നൽകുന്നതല്ല. സ്ഥാപിക്കുന്നതിന് മുന്നേ കർത്താവ് പറഞ്ഞിട്ടുണ്ട് പരീശൻമാരുടെ പുളിച്ചമാവ് സൂക്ഷിച്ചുകൊള്ളണമെന്ന് (മത്തായി 16:5–12). സഭാസത്യങ്ങൾ വെളിപ്പെടുത്തുന്നതിനു മുന്നേ പറഞ്ഞത് ദുരുപദേശത്തെ സൂക്ഷിക്കണം എന്നാണ്. ഇന്ന് സഭാസത്യങ്ങൾക്ക് വിരോധമായി ദുരുപദേശങ്ങൾ പൊങ്ങുന്നു. സംഘടനകളും ഈ ഗണത്തിലാണെന്ന് വചനം ഗ്രഹിക്കുന്ന ഒരുവന് മനസിലാക്കാം. സഭാ സ്ഥാപനത്തിങ്കൽ പറഞ്ഞത് (മത്തായി 16:18) പാതാള ഗോപുരങ്ങൾ അതിനെ ജയിക്ക ഇല്ല എന്നാണ്. ഇത് ലോക ഭരണങ്ങളും ലോക നീതിയും ആകുന്നു.

ക്രിസ്തീയ ന്യായം ഇന്നു കോടതികൾപോലും ഉദ്ധരിക്കുന്നതാണ്. എന്നു പറഞ്ഞാൽ ലാത്തിയും വടിയും കൂടാതെയാണ് ദൈവപുത്രൻ തന്നെ തന്നെ ഏൽപ്പിച്ചു കൊടുത്ത് ദൈവനീതി നടത്തിയത്. യാതൊരു വാദഗതിയും കർത്താവ് ഉയർത്തിയിട്ടില്ല. ഇന്നത്തെ കുറ്റക്കാർ വാദഗതിയില്ലാതെ കുറ്റങ്ങൾ കോടതി മുമ്പാകെ സമ്മതിക്കുകയായിരുന്നു എങ്കിൽ യാതൊരു കേസ്സും ഒരു തവണകൊണ്ട് തീർപ്പാകുമായിരുന്നു. എന്നാൽ ഇന്ന് അനേകം കേസ്സുകൾ വർഷങ്ങൾ നടക്കുന്നു. എങ്കിൽ ദൈവനീതി പാപി മരിക്കണം എന്നതാണ്. യേശുവിന്റെ വിസ്താരം ന്യായപ്രമാണം പരിശോധനയും പുനപരിശോധനയും നടത്തി. ലോകവും അപ്രകാരവും നടത്തി ഇങ്ങനെ നാല് വ്യക്തികൾ അഞ്ചു തവണ പരിശോധിച്ചശേഷം വിധിപാപികളായ മനുഷ്യർക്കു വിട്ടു. പാപം ശിക്ഷിക്കപ്പെടണം എന്ന ദൈവബോധം എല്ലാവരും ഏറ്റുപറഞ്ഞു അവനെ ക്രൂശിക്ക. യേശു ക്രൂശേറ്റു ദൈവനീതി നിവർത്തിച്ചു. ഇതാണ് സഭാസത്യം.

ഇവിടെ പാതാള ഗോപുരത്തിന് വാദം കേട്ടു പാപിയെ രക്ഷിപ്പാൻ കഴിഞ്ഞില്ല. എന്നാൽ യേശു വാദിക്കാതെ പാപിയെ രക്ഷിച്ചു. ഇതാണ് ദൈവനീതി ഇതിനെയാണ് യേശുവിന്റെ ചോര കൊണ്ട് സഭയെ വാങ്ങി എന്നു പറഞ്ഞത്. ഇങ്ങനെ ദൈവ നീതിയാൽ നീതീകരിക്കപ്പെട്ടവരാണ് ഓരോ സഭാംഗവും ഇവരെ ചേർത്ത് പണിതതാണ് സഭ. ഇവർക്ക് ഭരണം നടത്തുന്നത് ലോക നീതിയല്ല.

കർത്താവ് പഠിപ്പിച്ചത്, കർത്താവ് കൽപ്പിച്ചത്, കർത്താവ് ഉപദേശിച്ചത്. ഇതാണ് അപ്പൊസ്തല ഉപദേശം. കർത്താവിന് എവിടെ നിന്നാണ് ലഭിക്കുന്നത്? കർത്താവിന്റെ മനുഷ്യത്വത്തിൽ നിന്നാണോ? യോഹ. 7:16 യേശു അവരോട് ഉത്തരം പറഞ്ഞത് എന്റെ ഉപദേശം എന്റേതല്ല എന്നെ അയ്ച്ചവന്റേതത്രേ. അവന്റെ ഇഷ്ടം ചെയ്യുവാൻ ഇച്ഛിക്കുന്നവൻ ഈ ഉപദേശ ദൈവത്തിൽ നിന്നുള്ളതോ ഞാൻ സ്വയമായി പ്രസ്താവിക്കുന്നതോ എന്ന് അറിയും.

ഇതിനാൽ മനസിലാക്കേണ്ടത് ക്രിസ് തു പ്രമാണം ദൈവത്തിൽ നിന്നു തന്നെയാണ് മാനുഷികമല്ല. മാനുഷികമായതൊന്നും ദൈവസഭയിൽ ഇല്ല എന്നു പറഞ്ഞാൽ ദൈവസഭയുടെ പ്രമാണങ്ങൾ ദൈവീകമായതിനാൽ കൂട്ടു ചേർക്കാവുന്നതല്ല.

യേശുക്രിസ്തുത ന്നെയാണ് നിയമം എന്നതിനാൽ യെശയ്യാ. 49:9ൽ പറഞ്ഞിരിക്കുന്ന ആളത്വം കർത്താവാണ്. ഇത് ലോകത്തിൽ വരുന്നത് ആയിരാമാണ്ട് വാഴ്ചയിലാണ്. ഇന്ന് ക്രിസ്തു സഭയുടെ നിയമമാകുന്നു. ഈ നിയമത്താൽ ഇസ്രയേലിനെ ഭരിക്കപ്പെടുമെന്ന് കർത്താവ് അപ്പൊസ്തലൻമാരോട് വാഗ്ദത്തമായി പറഞ്ഞു. മത്തായി 19:28.

ഇസ്രയേലിന് ഭരിപ്പാൻ തക്കതാണ് സഭാ നിയമം എന്നു വന്നാൽ ഇന്നത്തെ ബ്രദറൺകാർ സഭാഭരണത്തിനും ക്രമത്തിനും ഇന്ത്യൻ സൊസൈറ്റി ആക്ട് ഉപയോഗിച്ച് സംഘടന ഉണ്ടാക്കുന്നത് സങ്കടകരവും വചന വിരുദ്ധവുമല്ലോ. സഭയിൽ ലോക ജ്ഞാനികൾ പെരുകി എന്നതാണ് കാരണം. ഇതിനാൽ സഭാക്രമം കർത്താവ് പഠിപ്പിച്ചത് മർക്കൊ. 9:31, കർത്താവ് കൽപിച്ചത് മത്താ.11:1,2, കർത്താവ് ഉപദേശിച്ചത് മത്താ.5:1, മത്താ. 28: 18, 19, 20 ഭാഗങ്ങൾ ശ്രദ്ധിച്ചാൽ ഉപദേശിച്ചത് മ ത്താ. 5:1, മത്താ. 28: 18, 19, 20 ഭാഗങ്ങൾ ഉപദേശിച്ചു. ഇതുതന്നെയാണ് അപ്പൊസ്തലരെ അയ്ക്കുമ്പോൾ ഭരമേൽപിച്ചത്. യോഹ.20:21, മത്താ. 28:18,20 ഇതാണ് അപ്പൊസ്തല ഉപദേശം. ●

# സ്ഥാനീയ സഭകൾ

*പി.റ്റി. തോമസ് മേഘാലയ*

**ദൈ**വവചനം പഠിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും കർത്തൃമേശ ആചരിച്ചു കർത്താവിന്റെ മരണത്തെ ഓർക്കുന്നതിനും ദൈവം ഓരോരുത്തർക്കും നൽകിയിരിക്കുന്ന കൃപാവരങ്ങളെ പ്രയോജനകരമായി ഉപയോഗിക്കുന്നതിനുമായി ക്രിസ്തുവിനെ തങ്ങളുടെ കേന്ദ്രമായി കണ്ടുകൊണ്ട്, ഒരുമിച്ചു കൂടിവരുന്ന സ്ഥലത്തെ വിശ്വാസികളുടെ കൂട്ടത്തെ സ്ഥലം സഭ എന്നു പറയുന്നു (മത്താ. 18:20) (1) യേശു ക്രിസ്തുവിന്റെ കർത്തൃത്വം, (2) പരിശുദ്ധാത്മാവിന്റെ നിയന്ത്രണം (3) ദൈവവചന ഉപദേശം എന്നീ ത്രിവിധമായ അധികാരങ്ങൾക്കു പൂർണ്ണമായി കീഴ്പ്പെട്ടിരിക്കുന്ന വിശ്വാസികളുടെ കൂട്ടമാണിത്.

പുതിയ നിയമത്തിൽ ഓരോ വിശ്വാസിയും ഒരു സ്ഥലം സഭയുടെ അംഗമായി ഗണിക്കപ്പെട്ടിരിക്കുന്നു. ഒരു സ്ഥലത്തെ വിശ്വാസികളോടു ചേർന്നുനിൽക്കുന്ന വിശ്വാസികൾക്കല്ലാതെ, ചേർന്നു നിൽക്കാത്തവർക്കു വചനത്തിൽ സ്ഥാനം കാണുന്നില്ല.

ഒരു പ്രദേശത്തെ സഭകളെപ്പറ്റി പറയുമ്പോൾ സഭ എന്നത് ഏകവചനമല്ല, സഭകൾ എന്നു ബഹുവചനമാണ് വചനത്തിലുള്ളത് (2 കൊരി. 8:1, 1 കൊരി. 16:1, ഗലാ. 1:22) ക്രിസ്തു മൂലമാണ് സഭകൾ അന്യോന്യം ബന്ധിക്കപ്പെട്ടിരിക്കുന്നത്. പൊതു വിശ്വാസ പ്രമാണത്താലോ പൊതു ഭരണകൂടത്താലോ അവ തമ്മിൽ ബന്ധിക്കപ്പെടുന്നില്ല. ഓരോ വിശ്വാസിയും മൂന്നു നിലയിൽ സഭയുടെ അംഗമാണ്. ക്രിസ്തുവിന്റെ ശരീരമായ സഭയുടെ അംഗം (എഫെ. 5:30) അന്യോന്യം അവയവങ്ങളാണ് (റോമ. 12:5) ഒരു സ്ഥലം സഭയുടെ അംഗമാണ് (1 കൊരി. 14:26, 27) അങ്ങനെ ഒരു വിശ്വാസി ക്രിസ്തുവിനോടും സഹവിശ്വാസികളോടും ബന്ധമുള്ളവനായിത്തീരുന്നു.

> **ഒരു പ്രദേശത്തെ സഭകളെപ്പറ്റി പറയുമ്പോൾ സഭ എന്നത് ഏകവചനമല്ല, സഭകൾ എന്നു ബഹുവചനമാണ് വചനത്തിലുള്ളത് (2 കൊരി. 8:1, 1 കൊരി. 16:1, ഗലാ. 1:22) ക്രിസ്തു മൂലമാണ് സഭകൾ അന്യോന്യം ബന്ധിക്കപ്പെട്ടിരിക്കുന്നത്. പൊതു വിശ്വാസ പ്രമാണത്താലോ പൊതു ഭരണകൂടത്താലോ അവ തമ്മിൽ ബന്ധിക്കപ്പെടുന്നില്ല. ഓരോ വിശ്വാസിയും മൂന്നു നിലയിൽ സഭയുടെ അംഗമാണ്. ക്രിസ്തുവിന്റെ ശരീരമായ സഭയുടെ അംഗം (എഫെ. 5:30) അന്യോന്യം അവയവങ്ങളാണ് (റോമ. 12:5) ഒരു സ്ഥലം സഭയുടെ അംഗമാണ് (1 കൊരി. 14:26, 27) അങ്ങനെ ഒരു വിശ്വാസി ക്രിസ്തുവിനോടും സഹവിശ്വാസികളോടും ബന്ധമുള്ളവനായിത്തീരുന്നു.**

സ്ഥലം സഭ സാർവ്വത്രികസഭയുടെ ഗുണഗണങ്ങളോടുകൂടിയ ഹ്രസ്വരൂപമാകയാൽ താഴെക്കാണുന്ന പ്രത്യേകതകൾ ഉണ്ടായിരിക്കേണ്ടതാണ്.

ഒരു ശരീരത്തിന്റെ അവയവമാണ് ഓരോ വിശ്വാസിയും എന്ന ബോധം (എഫേ. 4:4, പ്രവൃ. 2:47) ക്രിസ്തു ശരീരത്തിന്റെ ശിരസ്സാണെന്നുള്ള ബോദ്ധ്യം (എഫേ. 5:23, കൊലൊ. 1:18) പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ പ്രതിനിധിയായി സഭയിൽ ഉണ്ടെന്നബോദ്ധ്യം (യോഹ. 14: 16, 26) ദൈവസഭ വിശുദ്ധമാണെന്നുള്ള ബോദ്ധ്യത്തിൽ യോഗ്യമായി ശിക്ഷാനടപടികൾ നടത്തുന്ന സ്വഭാവം (1 കൊരി. 3:16, 17) ഒരാൾതന്നെ ശുശ്രൂഷകളെല്ലാം നിവർത്തിക്കാതെ വിവിധ കൃപാവരങ്ങൾ സൗകര്യമായി പ്രയോജനകരമാംവിധം കൈകാര്യം ചെയ്യുവാൻ ഇടയുണ്ടായിരിക്കുക (എഫേ.4:11, 12, 1 പത്രോ. 4:10) എല്ലാ വിശ്വാസികളും ദൈവത്തിന്റെ പുരോഹിതന്മാരാണെന്നുള്ള ബോദ്ധ്യം (1 പത്രോ. 2:5, 9).

### സ്ഥലം സഭയിലെ ജീവിതവും കൂട്ടായ്മയും സാക്ഷ്യവും സ്ഥലം സഭയുടെ ഘടന

പെന്തിക്കോസ്തുനാൾ മുതൽ കർത്താവിന്റെ മേഘത്തിലെ വരവു വരെ രക്ഷിക്കപ്പെടുന്ന എല്ലാവരെയും ഉൾക്കൊള്ളുന്നതാണ് സാർവ്വത്രികസഭ (മത്താ. 16:18). ഇതുപോലെ സ്ഥലം സഭയും രക്ഷിക്കപ്പെടുന്നവരെ മാത്രം ഉൾപ്പെടുത്തിയിട്ടുള്ള സംഘമാണ് (പ്രവൃ. 2:47) കൊരിന്തുസഭയിലെ എല്ലാ വിശ്വാസികളും ദൈവത്താൽ വിശുദ്ധീകരിക്കപ്പെട്ടവരാണ് (1 കൊരി. 1:12) ക്രിസ്തുയേശുവിൽ വിശുദ്ധീകരിക്കപ്പെട്ടവൻ എന്നു പറഞ്ഞാൽ ക്രിസ്തുവിൽ നിന്നന്യമായ സകലത്തിൽ നിന്നും വേർതിരിക്കപ്പെട്ടവരെന്നർത്ഥം അങ്ങനെ ഒരു സ്ഥലം സഭയെന്നു പറഞ്ഞാൽ രക്ഷിക്കപ്പെട്ടവരെ മാത്രം ഉൾക്കൊള്ളുന്നതാണെന്നു വ്യക്തമായി കാണാം.

കുസ്തന്തീനോസ് ചക്രവർത്തിയുടെ കാലമാണ് സഭയുടെ കഷ്ടകാലമായി ഭവിച്ചത്. ആ നാളുകൾ മുതലാണ് വീണ്ടും ജനിക്കാത്തവരും സഭയിൽ കടന്നുവരാൻ ഇടയായത്. ഇന്നത്തെ ഉടുപ്പുടവയുടെ തുടക്കവും അവിടെ മുതലാണ്. പുറം ജാതികൾ ക്രിസ്തുമതത്തിലേക്കു ചേരുന്നതു വിവിധ രീതിയിൽ അവരെ ആകർഷിച്ചു വശപ്പെടുത്തിയിരിക്കുന്നു. അതേത്തുടർന്ന് മാനസ്സാന്തരപ്പെടാത്ത നേതാക്കന്മാരും നടത്തിപ്പു

(തുടർച്ച 4 – ാം പേജ്)

# HIGHRANGE ECHO

Editorial

**ചിന്താവിഷയം:** *അത്യുന്നതങ്ങളിൽ ദൈവത്തിനുള്ള മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം. -(ലൂക്കോസ് 2:14)*

**പ**തിവുപോലെ കുമ്പനാട് കൺവൻഷനിൽ സംബന്ധിക്കുവാനും മാസികയുടെ വരിസംഖ്യ ശേഖരിക്കുവാനും അനേക സ്ഥലങ്ങളിൽ നിന്നും വരുന്ന സഹോദരങ്ങളെ കാണുവാൻ 2011 ഡിസംബർ 30 വെള്ളിയാഴ്ച വൈകിട്ട് വന്നു ചേർന്നു.

കൺവൻഷൻ യോഗത്തിൽ അദ്ധ്യക്ഷൻ ഒരു പ്രസ്താവന ചെയ്തു. "മുമ്പ് ഈ മഹായോഗം 'സഹോദരസഭകൾ വക കൺവൻഷൻ' ആയിരുന്നു. പിന്നെയെങ്ങനെയോ "ജനറൽ കൺവൻഷ"നായി. ഇതുവരെ നടന്നപോലെ ഇതു തുടർന്നു നടക്കും ആർക്കും സംശയം വേണ്ട."

എന്തായിരിക്കാം ഇങ്ങനെയൊരു പ്രസ്താവന? കൺവൻഷൻ പന്തലിൽ നിന്ന് മാധ്യമ പുസ്തക സ്റ്റാളിലേക്ക്... കഴിഞ്ഞ നാൽപ്പത് വർഷങ്ങൾ കുമ്പനാട് കൺവൻഷനിൽ വരുന്നു. എന്തേ ഒരു വ്യതിചലനം? സ്റ്റാൾ കെട്ടിടത്തിന്റെ മുമ്പിൽ ഒരു ബാനർ "തിരികെ സമുദായത്തിലേക്കോ? സമുദായിക ഒഴുക്കിൽപ്പെട്ട് വേർപാട് സഭകൾ....!" സ്റ്റാളിന്റെ വാതിലെത്തിയപ്പോൾ കുമ്പനാടിലും പരിസരങ്ങളിലുമുള്ള സ്ഥലം സഭകളിലെ യുവാക്കളുടെ സ്റ്റാൾ! കഴിഞ്ഞ ഒരു വർഷത്തിൽ മാധ്യമങ്ങളും എഴുത്തുകാരും പ്രസിദ്ധീകരിച്ച ലേഖനങ്ങൾ ഉൾപ്പെടെ "തിരികെ സമുദായത്തിലേക്കോ???" എന്ന പേരിലുള്ള പുസ്തകത്തിന്റെ 3000 കോപ്പികൾ ഇളയ തലമുറ പ്രചരിപ്പിക്കുന്നു!

ബ്രദർ സ്ഥലം സഭകളുടെമേൽ ഒരു "സൻഹെദ്രിൻ സംഘം" കൂട്ടുകുടുംബക്കാരും രാഷ്ട്രീയക്കാരും പണച്ചാക്കുകളും സംഘടിച്ച് തട്ടികൂട്ടിയ "ബി.സി.സി.എഫ്." കുമ്പനാട്ടിൽ ആകയാൽ അനേകർ കുമ്പനാട് സ്ഥലം സഭയെക്കുറിച്ച് ബ്രദറൺ സമൂഹത്തിൽ ഒരു തെറ്റിദ്ധാരണ പരന്നു. യുവാക്കളും കുമ്പനാട് സഭയും പ്രതികരിക്കുന്നതിൽ കഴിഞ്ഞ ഒരു വർഷക്കാലം മാധ്യമങ്ങളും അനേകം സഹോദരരും അങ്കമാലി പ്രശ്നത്തിന്റെ മറവിൽ 'പ്രതിനിധി സമ്മേളനം' എന്ന പ്രസഹനവും 'ഇൻഡ്യൻ ബ്രദർ' എന്ന മാസികയുടെ മനസ്സിലിരുപ്പും! കുമ്പനാട്ട്കാർ ദാവീദിനെ കാട്ടിൽ നിന്ന് സിംഹാസനത്തിലേക്ക് കൊണ്ടുവരുവാൻ യഹൂദാഗോത്രം മുമ്പരായതുപോലെ നിങ്ങൾ മുമ്പരായതിൽ അഭിനന്ദനം! സ്വതന്ത്ര ബ്രദറൺ സ്ഥാനീയ സഭകൾക്ക് തങ്ങളുടെ തുരുവചനമാർഗ്ഗത്തിൽ തന്നെ തുടരുവാൻ തമ്പുരാൻ വഴി തരുന്നു സ്തോത്രം! "ദൈവം നൽകിയ സ്വാതന്ത്ര്യദീപം (യോഹ. 8:31,32; ഗലാ. 5:1) അണയാതെ ജ്വലിപ്പിക്കുവാൻ സ്ഥലം സഭകളുടെ കാവൽക്കാരായ മൂപ്പന്മാരും ഞങ്ങളുടെ സഹജീവികളായ മാധ്യമങ്ങളും സാഹിത്യപ്രവർത്തകരും തിരുവചനവിരുദ്ധതകളെ നിഷ്ക്കാസനം ചെയ്യുവാൻ അണിചേരാം." കഴിഞ്ഞ വർഷം (ഹൈറേഞ്ച് എക്കോ നവംബർ 2010) ഞങ്ങൾ എഴുതി. ഒരു വർഷമായപ്പോൾ നമ്മൾ പ്രാർത്ഥിച്ചു, പ്രവർത്തിച്ചു, സ്വർഗ്ഗം പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. എല്ലാവരേയും പ്രശംസിക്കുന്നു. സ്വാതന്ത്ര്യ സ്ഥലംസഭകളുടെ സുസ്ഥിരത കാക്കുക. നമ്മുടെ വിശ്വാസ പിതാക്കൾ നേടിയെടുത്ത് ക്രിസ്തീയ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തരുത്. സ്വന്തം കൂട്ടുപടയാളി K.C.M. ●

*വി.എം. ജോൺ, ചേത്തയ്ക്കൽ*

## വിശ്വാസികളും പരസ്പര ശുശ്രൂഷയും

**പ**രസ്പര ശുശ്രൂഷ എന്നു പറഞ്ഞാൽ അന്യോന്യം സേവിക്കുകയും സഹായിക്കുകയും ചെയ്യുക എന്നാണ്. വിശ്വാസികൾ പരസ്പരം സ്നേഹിച്ചും സഹായിച്ചും കരുതിയും ബഹുമാനിച്ചും വൈകാരികമായും ആത്മീകമായും തമ്മിൽ തമ്മിൽ വളരേണ്ടവരാണ്. വേദപുസ്തക സഹായവ്യവസ്ഥ സ്ഥാപിക്കുക എന്നതാണ് ഇതുകൊണ്ടർത്ഥമാക്കുന്നത്. നമ്മുടെ വ്യക്തിതാല്പര്യങ്ങളെ സംരക്ഷിക്കുന്നതിന് 3 അടിസ്ഥാന വ്യവസ്ഥകൾ ഉണ്ട്. വൈകാരിക സഹായ വ്യവസ്ഥ, സാമ്പത്തിക സഹായവ്യവസ്ഥ, ആത്മീക സഹായവ്യവസ്ഥ ഇവ പരസ്പരം സേവനത്തിൽ വിശ്വാസികൾ പരിശീലിക്കേണ്ടവയാണ്. സ്നേഹത്തിൽ സമീപിക്കുന്ന ക്രിസ്തുവിന്റെ വ്യതിയാനമില്ലാത്ത ദിവ്യമാർഗ്ഗമാണിത്.

മുറിക്കപ്പെട്ട വ്യക്തികളെ യേശു നമ്മുടെ കരങ്ങളെ ഉപയോഗിച്ച് ആശ്വസിപ്പിക്കുവാനാഗ്രഹിക്കുന്നു. തന്റെ ശരീരത്തിലെ അംഗങ്ങളുടെ (തന്റെ സഭയുടെ) അധരങ്ങളിൽക്കൂടി അവൻ ദുഖിതരോട് സംസാരിക്കുവാനാണ് ആഗ്രഹിക്കുന്നത്. ഒന്നാം നൂറ്റാണ്ടിലെ വിശ്വാസികൾ അന്യോന്യം ഈ തത്ത്വങ്ങൾ പ്രായോഗിക തലത്തിൽ കൊണ്ടുവന്നതെങ്ങനെയെന്ന് അപ്പൊസ്തലപ്രവൃത്തികൾ പരിശോധിച്ചാൽ മനസ്സിലാക്കാം. അ.പ്ര. 2:41, 46,47 എന്നീ വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതായിരുന്നു അവരുടെ മുൻഗണന. അതായത് ആരാധന, നന്ദികരേറ്റൽ, പരസ്പര ശുശ്രൂഷ എന്നിവയായിരുന്നു. വേദപുസ്തകത്തിൽ വായിക്കുന്നത് വിശ്വാസികളെല്ലാവരും ഒരുമിച്ചിരുന്നു.... വീട്ടിൽ അപ്പം നുറുക്കിക്കൊണ്ടു ഉല്ലാസവും.... ദൈവത്തെ സ്തുതിക്കുകയും ... ചെയ്തു എന്നാണ് (അ.പ്ര. 2:44–47). ഇതെല്ലാമവർ ചെയ്തത് മഹാസന്തോഷത്തോടെ ആയിരുന്നു എന്നാണ് തിരുവചനത്തിൽ കാണുന്നത്.

പിന്നെ അവരുടെ ലോകത്തോടുള്ള ശുശ്രൂഷ പുരോഗമിച്ചത് മറ്റ് 2 കാര്യങ്ങളിൽ നിന്നുമാണ്. തന്മൂലം കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർക്കുവാൻ സംഗതിയായി (അ.പ്ര. 2:43, 47). അവരുടെ പരസ്പര ശുശ്രൂഷ മുഖാന്തിരം ലോകത്തിൽ അവരുടെ സാക്ഷ്യം പെരുകിവന്നു. ഓരോ ദിവസവും അവരുടെ കൂട്ടായ്മയിലേക്ക് പുതിയ വിശ്വാസികൾ ചേർക്കപ്പെട്ടുകൊണ്ടിരുന്നു. നമ്മുടെ പരസ്പര ശുശ്രൂഷയിലെ ഒന്നാമത്തെ സഹായ വ്യവസ്ഥ നമ്മുടെ വൈകാരിക ആവശ്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത് നിറവേറ്റപ്പെടുന്നത് ബന്ധങ്ങളിൽ കൂടിയാണ്. നാം ദൈവവുമായും തമ്മിൽ തമ്മിലും കൂട്ടായ്മ ആചരിക്കുന്നതിനും പരസ്പരം സ്നേഹിക്കുന്നതിനും വേണ്ടിയാണ് ഉണ്ടാക്കപ്പെട്ടത്. ആ ബന്ധമില്ലാതെ നാം അപൂർണ്ണരാണ്. അത് പാടില്ലാത്തതുമാണ്.

സഭാശുശ്രൂഷകൻമാരും സുവിശേഷകൻമാരും അവരുടെ കർത്തവ്യം അനുഗ്രഹകരമായി നിർവ്വഹിക്കണമെങ്കിൽ വിശ്വാസികളുടെ നിസ്വാർത്ഥമായ സഹകരണം ലഭിച്ചേ പറ്റൂ. വിശ്വാസികൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു. അറിയുക: സഹോദരന്മാരേ, നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കുകയും കർത്താവിൽ നിങ്ങളെ ഭരിക്കയും പ്രബോധിപ്പിക്കുകയും ചെയ്യുന്നവരെ അറിഞ്ഞ്..... (1 തെസ്സ 5:12) എന്നും ആടുകൾ ഇടയനെ അറിയുന്നെന്നും (യോഹ. 10:14) വായിക്കുന്നു. നാം തങ്ങളെ നടത്തുന്ന സഭാ പരിപാലകരെ അറിയണം. അവർ ആരെല്ലാമാണെന്നും മനസ്സിലാക്കണമെന്നു മാത്രമല്ല അവരുടെ ശുശ്രൂഷ എന്താണെന്നും അവരുടെ ആവശ്യങ്ങൾ എന്താണെന്നും അറിഞ്ഞ് സഹകരിക്കണമെന്നാണ് അറിയുക എന്നതിന്റെ അർത്ഥം.

സ്നേഹബഹുമാനം നൽകണം: അവരുടെ വേല നിമിത്തം ഏറ്റവും സ്നേഹത്തോടെ വിചാരിക്കണം (1 തെസ്സ 5:13). കർത്താവിന്റെ വേലയാണ് അവർ ചെയ്യുന്നത്. അത് സ്നേഹബഹുമാനം അർഹിക്കുന്നതാണ്.

ഇരട്ടി മാനം നൽകണം: നന്നായി ഭരിക്കുന്ന മൂപ്പന്മാരെ പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെത്തന്നെ ഇരട്ടിമാനത്തിന് യോഗ്യരായി എണ്ണിക്കൊള്ളുക (1 തിമൊ. 5:17, 18). സുവിശേഷകന്മാർ മൂപ്പന്മാർ എന്ന നിലയിൽ അവരെ ബഹുമാനിക്കുക. മാത്രമല്ല സാമ്പത്തിക കൂട്ടായ്മയും നൽകുമ്പോഴാണ് ഇരട്ടി മാനം ഉണ്ടാകുന്നത് (1 കൊരി. 9:7, അ.പ്ര. 20:34, 35; ഗലാ 6:6).

വിശ്വസിക്കുക: രണ്ടുമൂന്നു സാക്ഷികൾ മുഖേനയല്ലാതെ ഒരു മൂപ്പന്റെ നേരെ അന്യായം ഏടുക്കരുത് (1 തിമൊ. 5:19) എന്നു പറഞ്ഞാൽ ആര് എന്തെങ്കിലും പറയുന്ന വസ്തുതകൾ വിശ്വസിക്കരുത്. മൂപ്പൻ വിശ്വസ്തനാണെന്നുള്ള വിശ്വാസം വിശ്വാസികൾക്ക് ഉണ്ടായിരിക്കണം. മൂപ്പനും ഉത്തരവാദം മുഖപക്ഷം കൂടാതെ നിറവേറ്റണം. ●

### ജിമ്മിയും മമ്മിയും



ഡോക്ടർ അങ്കിൾ : "ജിമ്മീ! നീ ഇന്ന് നന്നായി ചുമയ്ക്കുന്നുണ്ടല്ലോ എന്നു പറഞ്ഞു."

നീ എന്തു പറഞ്ഞു?

അങ്കിൾ ഇന്നലെ തന്ന മരുന്ന് ഫലിച്ചു. രാത്രി മുഴുവൻ പരിശീലിക്കുമായിരുന്നു എന്നു പറഞ്ഞു.

മമ്മീ! അങ്കിൾ എന്തിനാ പൊട്ടിച്ചിരിച്ചത്?

**വനിതാവേദി** *മിസ്സിസ് അന്നമ്മ കോശി* B.A., BEd.

## യഹോവ തനിയെ അവനെ നടത്തി അവനോടുകൂടെ അന്യദൈവം ഉണ്ടായിരുന്നില്ല. ആവ: 32:12.

**ആ** കുന്നു കിഴുക്കാം തൂക്കായതായിരുന്നു. പക്ഷെ സൗഹൃദ സംഭാഷണത്തിലേർപ്പെട്ടു കയറ്റം കയറുമ്പോൾ വളരെ ഉന്മേഷം തോന്നി. മുകളിലെത്തുന്നതുവരെയും അപ്രകാരം തന്നെയായിരിക്കുമെന്നു ഞാൻ കരുതി. പക്ഷെ, പെട്ടെന്നു വഴുതിയതും വളഞ്ഞുപുളഞ്ഞതും ആയി പ്രത്യക്ഷപ്പെട്ടു. അപ്പോൾ നായകൻ പറയുന്നതു കേൾക്കാറായി. എന്റെ മകളേ ഇവിടെ എന്നോടുകൂടി മാത്രം സുഖമായി സഞ്ചരിക്കും.

ഞാൻ ഭയന്നുപോയി. എങ്കിലും എന്റെ ഹൃദയാന്തർഭാഗത്തെ അഗാധമായ വിശ്വാസം മൂലം ഞാൻ പറഞ്ഞു കർത്താവേ! അപ്രകാരം തന്നെയാകട്ടെ . അവൻ എന്റെ ബലഹീനമായ കൈകളെ തന്റെ കരങ്ങളിൽ എടുത്തു. അവനുകീഴ്പ്പെടാനുള്ള എന്റെ താല്പര്യത്തെയും അവൻ അംഗീകരിക്കുമാറുകരങ്ങളിൽ എടുത്തു. അപ്പോൾ കർത്താവിനെ അല്ലാതെ വേറൊരു സ്നേഹിതനെയും കൺമാൻ എനിക്കു കഴിഞ്ഞില്ല.

കർത്താവു വളരെ അധികം ദയാവായ്പോടെ എന്നെ ഉയരത്തിലേക്കു നയിക്കയും, ഏറ്റവും ഉത്തേജന പ്രദമായ വാക്കുകൾ സംസാരിക്കുകയും തന്റെ അതിശയമാർന്ന സ്നേഹത്തെപ്പറ്റിയുള്ള രഹസ്യ മന്ത്രങ്ങൾ ഉരുവിടുകയും ചെയ്തതിനാൽ ഞാൻ എന്റെ ദുഃഖവും ഭയവുമെല്ലാം അവന്റെ മുമ്പിൽ നിരത്തിവയ്ക്കുകയും അവന്റെ ബലമുള്ള കൈകളിലേക്കു വിശ്വാസപൂർവ്വം ചായുകയും ചെയ്തു.

ആ നിമിഷത്തിൽ എന്റെ പാദങ്ങൾ വേഗതയുള്ളവയായും, ഇരുണ്ട വഴികൾ പ്രകാശിതങ്ങളായും, ദൈവത്തോടുള്ള ഏറ്റവും അടുത്ത ചങ്ങാത്തത്തിൽനിന്നും മാത്രം ലഭ്യമാകുന്ന പ്രകാശം പറക്കുകയും ചെയ്തു. സ്നേഹിക്കപ്പെട്ട, ആളുകളുമായി നമുക്കു വീണ്ടും കാണാം. ഇവിടെ നമുക്കറിവാൻ പാടില്ലാത്ത സന്തോഷത്തിന്റെ സ്വാഗതവും സന്തോഷഗാനങ്ങളും സ്വർഗ്ഗീയമായ ആലിംഗനങ്ങളും, തീർത്ഥാടന ജീവിതത്തിന്റെ മൃദുലമായ ഓർമ്മകൾ ഓടിയെത്തുമ്പോൾ ഒരു ഓർമ്മകൾ നമുണ്ടാകും.

കർത്താവിൽ മാത്രം ചാരിക്കൊണ്ട് ആഗാധമായ ഇടുങ്ങിയ വഴികൾ തരണം ചെയ്യേണ്ടിവന്ന ആ കറുത്ത ദിനങ്ങളെപ്പറ്റി സ്വർണ്ണത്തെരുവുകളിൽ ഒരുമിച്ചു ചേരുന്ന ദൈവമക്കൾ നന്ദിയോടെ സംസാരിപ്പാൻ ഇടയാകും. അഗാധ താഴ്വരകളിലല്ലാതെ ഉയരമുള്ള കുന്നുകൾ ഇല്ല. പ്രസവ വേദന കൂടാതെ ഒരു കുഞ്ഞും ജനിക്കയുമില്ല! ●

*ജെസി ബെൻസെൻ, കൊച്ചി*

## യഹോവയുടെ ദൃഷ്ടി

**ഒ**രു പ്രദർശന നഗരി സന്ദർശിക്കുന്ന ഏതൊരു വ്യക്തിയും തന്റെ പ്രത്യേക താത്പര്യങ്ങൾക്കനുസരിച്ചുള്ള വസ്തുക്കളിലുംസ്റ്റാളുകളിലുമായിരിക്കും തങ്ങളുടെ ശ്രദ്ധ പതിപ്പിക്കുക. അത്തരം വസ്തുക്കൾക്കുവേണ്ടി അവരുടെ കണ്ണുകൾ അന്വേഷിച്ചുകൊണ്ടിരിക്കയും താത്പര്യമില്ലാത്ത മറ്റുള്ളതെല്ലാം വെറുതെയൊന്നു നോക്കി കടന്നുപോകയുമായിരിക്കും ചെയ്യുക.

എന്നാൽ യഹോവയുടെ ദൃഷ്ടി പതിക്കുന്നത് തങ്കൽ ഏകാഗ്രചിത്തരായിരിക്കുന്നവരുടെ മേലാണ്. അവരെ വെറുതെയൊന്ന് നോക്കി ദൃഷ്ടി മാറ്റുകയല്ല അവിടുന്ന് ചെയ്യുന്നത്. യഹോവയുടെ കണ്ണു തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവർക്കു വേണ്ടി തന്നെത്താൻ ബലവാനെന്നു കാണിക്കേണ്ടതിന് ഭൂമിയിൽ എല്ലാടവും ഊടാടിക്കൊണ്ടിരിക്കുന്നു എന്നു നാം വായിക്കുന്നു. (2 ദിന. 16.9). തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവർക്കുവേണ്ടിയാണ് ഭൂമിയിൽ എല്ലാടവും അവിടുത്തെ കണ്ണുകൾ പരതിക്കൊണ്ടിരിക്കുന്നത്.

അങ്ങനെ ഊടാടിക്കൊണ്ടിരിക്കുന്ന ദൃഷ്ടികളിൽ, അവിടത്തെ ഇഷ്ടാനുസരണം ജീവിക്കുന്നവർ പതിയുമ്പോൾ അവർക്കു ദൈവത്തിന്റെ കൃപ ലഭിക്കുന്നു. തന്നെത്താൻ ബലവാനെന്നു ദൈവം വെളിപ്പെടുത്തുന്നത് ഇങ്ങനെ കൃപ ലഭിച്ചവർക്കു മാത്രമാണ്. അവർക്കാണ് അവിടുന്ന് ആലോചന പറഞ്ഞു കൊടുക്കുന്നത്. ഞാൻ നിന്റെ മേൽ ദൃഷ്ടി വച്ച് നിനക്കു ആലോചന പറഞ്ഞുതരും എന്ന വാഗ്ദാനം നല്കപ്പെട്ടിരിക്കുന്നത് ഇപ്രകാരം കൃപ ലഭിച്ചവർക്കാണ് (സങ്കീ. 32:8).

ആലോചന പറഞ്ഞുകൊടുക്കുന്നതിനോ തന്നെത്താൻ ബലവാനെന്നു കാണിക്കുന്നതിനോ മാത്രമല്ല, അവരുടെ പ്രാണനെ മരണത്തിൽ നിന്നു വിടുവിപ്പാനും ക്ഷാമത്തിൽ അവരെ ജീവനോടെ രക്ഷിപ്പാനും കൂടെവേണ്ടിയാണ് അവന്റെ ദൃഷ്ടി അവന്റെ ഭക്തന്മാരെ തേടിനടക്കുന്നത് (സങ്കീ. 33:18,19). സോദോം ഗോമോറ പട്ടണങ്ങളെ അവരുടെ ദുഷ്പ്രവൃത്തി നിമിത്തം നശിപ്പിക്കുവാൻ ദൈവം നിശ്ചയിച്ചപ്പോൾ ലോത്തിനെയും കുടുംബത്തെയും ജീവനോടെ രക്ഷിപ്പാൻ തക്കവണ്ണം ദൈവത്തിന്റെ ദൃഷ്ടി അവരുടെ മേൽ പതിഞ്ഞു.

തങ്കൽ ഏകാഗ്രചിത്തരായിരിക്കയും ഭയഭക്തിയോടെ സേവിക്കയും ചെയ്യുന്നവർക്കാണ് ദൈവത്തിന്റെ ഈ പ്രത്യേക കരുതലും സംരക്ഷണവും ലഭ്യമാകുന്നത്. ദൈവത്തെ ഭയപ്പെടുന്നവർക്ക് അവിടത്തെ ദൃഷ്ടി അവരുടെ മേൽ ഉള്ളതുകൊണ്ട് മറ്റൊന്നിനെയും ഭയപ്പെടേണ്ട ആവശ്യമില്ല. ദൈവത്തെ ഭയമില്ലാത്തവർക്ക് സകലത്തെയും ഭയപ്പെടേണ്ടിവരും. നാം വാസ്തവമായി ദൈവത്തെ ഭയപ്പെടുന്നുണ്ടോ........? നാം അവിടത്തെ ദൃഷ്ടിയിൽ പതിഞ്ഞിട്ടുണ്ടോ? അവിടത്തെ കൃപ നമുക്കു ലഭിച്ചിട്ടുണ്ടോ?

ലോകത്തിലുള്ള സകലവും നിയന്ത്രിക്കുന്നവനായ ദൈവം തന്റെ ഭക്തന്മാർക്കു ആവശ്യമായ സംരക്ഷണവും കരുതലും ഒരുക്കിയിട്ടേ എന്തും അനുവദിക്കയുള്ളു. യാദൃശ്ചികമായി ഒന്നും അവർക്ക് ഭവിക്കയില്ല. സകലവും ദൈവത്തിന്റെ സമ്പൂർണ്ണ നിയന്ത്രണത്തിലും നുൻനിർണ്ണയപ്രകാരവും മാത്രമാണ്. ആകയാൽ നമുക്കും ജാഗ്രതയോടെ അവങ്കൽ ഏകാഗ്രചിത്തരായിരിക്കാം. നമുക്കും അവിടുത്തെ കൃപ ലഭിക്കട്ടെ. ദൈവനാമം മഹത്വപ്പെടട്ടെ. ●

## ബന്ധങ്ങൾ ബന്ധനങ്ങളായിത്തീരും

**ഒ**രിക്കൽ ഒരു തീർഥാടക സംഘം പശ്ചിമേഷ്യയിൽ സഞ്ചരിക്കയായിരുന്നു. മഹാജ്ഞാനിയായ ഒരു ഭക്തൻ അവിടെ എവിടെയോ ഉണ്ടെന്ന് അവർ കേട്ടിരുന്നു. അദ്ദേഹത്തെ ഒന്നു കാണാൻ അവർ ആഗ്രഹിച്ചു. അവർ അദ്ദേഹത്തെ എല്ലായിടത്തും അന്വേഷിച്ചു. ഒടുവിൽ ഒരു ചെറ്റക്കുടിലിൽ അദ്ദേഹത്തെ കണ്ടെത്തി. ആധുനിക രീതിയിലുള്ള ഗൃഹോപകരണങ്ങൾ ഒന്നും അവിടെ ഉണ്ടായിരുന്നില്ല. ഒരു പഴഞ്ചൻ കട്ടിലും ജീർണ്ണിച്ചു തുടങ്ങിയ കസേരയും മേശയും ഭക്ഷണം പാകം ചെയ്യുന്നതിനു തുരുമ്പു പിടിച്ച അടുപ്പും മാത്രം.

അങ്ങയുടെ വീട്ടു സാമാനങ്ങളെല്ലാം എവിടെ? തീർത്ഥാടകർ അദ്ദേഹത്തോടു ചോദിച്ചു.

നിങ്ങളുടെ വീട്ടുസാമാനങ്ങളെല്ലാം എവിടെ? അദ്ദേഹത്തിന്റെ മറു ചോദ്യം! അവ ഞങ്ങളുടെ വീടുകളിലുണ്ട്. ഇപ്പോൾ ഞങ്ങൾ യാത്രയിലായതുകൊണ്ട് അവയൊന്നും ആവശ്യമില്ലല്ലോ. അവർ മറുപടി പറഞ്ഞു. ഞാനും യാത്രയിലാണ്. എന്റെ യാത്രയിൽ ഇതൊക്കെ മതി . ആജ്ഞാനി വിശദീകരിച്ചു.

നമ്മളും ഈ ലോകത്തിലൂടെ കടന്നു പോകുന്ന യാത്രക്കാരാണ്. നമ്മുടെ യാത്രയിൽ അല്പം അപ്പം വിശപ്പിന് സ്വല്പം വെള്ളം ദാഹത്തിന് ഇവ മാത്രമേ ആവശ്യമുള്ളു എന്ന് മിഷനറി വി. നാഗൽ തന്റെ ഒരു ഗാനത്തിൽ ഏഴുതി.

ഈ ലോകത്തിൽ നിങ്ങൾ അന്യരും പരദേശികളുമാണ്. (1 പത്രോ. 2:11) ഈ ബൈബിൾ വാകൃത്തിൽ അന്തർഭവിച്ചിരിക്കുന്ന ആശയം ഭാരതീയർക്ക് അനായാസം മനസ്സിലാക്കുവാൻ കഴിയും. ഈ ലോകത്തിൽ നാം കേവലം യാത്രക്കാർ മാത്രമാണ്. ദൈവത്തോടു ചേർന്നുള്ള വാസമാണ് നിത്യം. ആ നിത്യമായ വാസസ്ഥലത്തേക്കു പ്രയാണം ചെയ്യുന്ന യാത്രക്കാരാണു നാം. ഈ സത്യം നാം പലപ്പോഴും ഓർക്കാറില്ല.

മനുഷ്യർ കൂടാരവാസികളാണെന്നു ബൈബിൾ അനുസ്മരിപ്പിക്കുന്നു. മരുഭൂമിയിൽ സഞ്ചരിക്കുന്ന യാത്രക്കാർക്കു രാത്രിയിൽ തല ഒന്നു ചായ്ക്കാൻ മാത്രമാണല്ലോ കൂടാരം.

നാം ഈ ലോകത്തിനുള്ളവരല്ലെന്നും ഒരിക്കൽ മാത്രം ഇതുവഴി കടന്നു പോകുന്നവർ മാത്രമാണെന്നുമുള്ള സത്യം മനസ്സിലാക്കേണ്ടതാണ്. ഈ യാത്രയിൽ നമ്മെ പിടിവിട്ടുമുന്നോട്ടു പോകേണ്ടിയിരിക്കുന്നു. ഭൗതികമായ വസ്തുവകകൾ എത്ര വാരിക്കൂട്ടിയാലും അവ നമ്മെ പിറകോട്ടു പിടിച്ചു നിലർത്താൻ മാത്രമേ ഉപകരിക്കൂ.

*തോമസ് ചാണ്ടി.*

സഭാ വിജ്ഞാനീയം Ecclesiology

# സ്ഥാനീയ സഭാവിജ്ഞാനീയം
## (Local congregation)

**അ**പ്പൊസ്തലനായ പൗലോസ് AD 50-ന്റെ അവസാനത്തിൽ കൊരിന്ത്യയിലെത്തി. കർത്താവിന്റെ മഹാനിയോഗമനുസരിച്ച് സുവിശേഷം പ്രസംഗിച്ചു.

മത്തായി 28-18-20, അപ്പൊ. 18-1-11. ഈ പട്ടണത്തിൽ എനിക്കു വളരെ ജനം ഉണ്ട് എന്ന് കർത്താവ് അവനോട് അരുളി ചെയ്തു. അങ്ങനെ അവൻ ഒരാണ്ടും ആറുമാസവും അവരുടെ ഇടയിൽ ദൈവവചനം ഉപദേശിച്ചുകൊണ്ടു താമസിച്ചു.

പൗലോസിന്റെ സുവിശേഷവേല മഹാനിയോഗമനുസരിച്ചായിരുന്നു.

കർത്തൃനിയോഗം മത്താ. 28-20. പൗലോസിന്റെ ശുശ്രൂഷ. അപ്പൊ. 18-1-11.

1. ആകയാൽ നിങ്ങൾ പുറപ്പെട്ട് (19) - പൗലോസ് കൊരിന്തിൽ ചെന്നു.
2. ശിഷ്യരാക്കി. (19) - അനേകർ വചനം കേട്ടുവിശ്വസിച്ചു.
3. സ്നാനം കഴിപ്പിച്ചും (19) - സ്നാനം ഏറ്റു (8)
4. ഉപദേശിക്കുകയും ചെയ്‌വിൻ (19) - അവരുടെ ഇടയിൽ 1 1/2 ആണ്ട് ദൈവവചനം ഉപദേശിച്ചു (11).
5. ഞാനോ... നിങ്ങളോട് കൂടെ ഉണ്ട് (20) - ഞാൻ നിന്നോട് കൂടെ ഉണ്ട്. (18.10)

പൗലോസിന്റെ മൂന്നാം മിഷനറി യാത്രയിൽ ഏകദേശം മൂന്നു വർഷം താൻ എഫെസോസിൽ അള 53:57) പാർത്തിരുന്നു. കൊരിന്തു സഭയിൽ നിന്നും കിട്ടിയ ഒരു കത്തും (7.1, 8.1-13) മറ്റു മുഖാന്തരങ്ങളിൽ കൂടെ കൊരിന്തു സഭയിലെ ദുർന്നപ്പിനെയും സഭയിലെ ഭിന്നിപ്പിനെക്കുറിച്ചു മനസ്സിലാക്കിയപ്പോൾ പൗലോസിന്റെ ഹൃദയം വേദനിച്ചു. സഭയിലെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയും ധാർമ്മിക അധഃപ്പതിച്ച വിശ്വാസികൾക്കു പ്രബോധനം നൽകി എഴുതിയതാണ് 1 കൊരിന്ത്യർ ലേഖനം.

പൗലോസ് 1 കൊരിന്ത്യർ മൂന്നാം അദ്ധ്യായത്തിൽ ദൈവസഭയ്ക്ക് മൂന്ന് പ്രതീകങ്ങൾ ഉപയോഗിച്ച് ശുശ്രൂഷയിൽ കൂടി നിവർത്തിക്കപ്പെടേണ്ട കർത്തവ്യങ്ങൾ രേഖപ്പെടുന്നു.

1. (സ്ഥാനീയ) സഭ ഒരു കുടുംബമാണ് (Family) അതിന്റെ ലക്ഷ്യം പക്വത (Maturity)യുള്ള അംഗങ്ങളെ രൂപപ്പെടുത്തുക എന്നതാണ്. (3.1-4).
2. (സ്ഥാനീയ) സഭ ഒരു കൃഷി ഭൂമിയാണ് (Field) അതിന്റെ ലക്ഷ്യം വർദ്ധനവ് (quantity) ആണ്. (3.5 - 9a)
3. (സ്ഥാനീയ) സഭ ദൈവത്തിന്റെ മന്ദിരമാണ്. (Temple) അതിന്റെ ലക്ഷ്യം ഗുണനിലവാരം (quality) ആണ്. (3.9b - 23.)

കുടുംബം - പക്വത (1 കൊരി. 3.1 - 4)

രണ്ട് തരത്തിലുള്ള ആളുകളേ ഈ ലോകത്തിലുള്ളൂ എന്ന് പൗലോസ് (1 കൊരി. 2.14-16) വിശദീകരിച്ചു കഴിഞ്ഞു. പ്രാകൃതന്മാരും (രക്ഷിക്കപ്പെട്ടവർ) ആത്മീകന്മാരും (രക്ഷിക്കപ്പെട്ടവർ) 3-ാം അദ്ധ്യായത്തിൽ രക്ഷിക്കപ്പെട്ടവരെ പൗലോസ് രണ്ടായിത്തിരിക്കുന്നു. പക്വതയുള്ളവരും, അപക്വമായവരും (ജഡീകർ). ഒരു ക്രിസ്ത്യാനി പക്വത പ്രാപിക്കുന്നത് പരിശുദ്ധാത്മാവ് തന്നെ വചനം പഠിപ്പിക്കുവാനും ഉപദേശിക്കുവാനും അനുവദിക്കുന്നതിലൂടെയാണ്. അപക്വനായ ക്രിസ്ത്യാനി ജഡത്തിനായി ജീവിക്കുന്നവനാണ്. ആത്മീക കാര്യങ്ങളിൽ അവന് അല്പം മാത്രമെ താൽപര്യം കാണുകയുള്ളൂ. രക്ഷിക്കപ്പെട്ടിട്ട് അധികം നാളുകൾ ആയിട്ടില്ലാത്തതുകൊണ്ട് പക്വതയാകാത്ത അനേക വിശ്വാസികൾ സ്ഥലം സഭകളിലുണ്ട്. (ദീർഘ വർഷങ്ങൾ സഭാംഗങ്ങളായവരിലും ജഡീകരുണ്ട്.

ഈ കുടുംബത്തെ ഉളവാക്കിയ ആത്മീക പിതാവാണ് പൗലോസ് (4-15) 18 മാസങ്ങൾ കൊരിന്തിൽ ശുശ്രൂഷിച്ചതിലൂടെ പൗലോസ് തന്റെ ആത്മീക മക്കളെ വചനത്താൽ പോഷിപ്പിക്കുകയും വിശ്വാസത്തിൽ പക്വതയുള്ളവരാകുന്നതിന് സഹായിക്കുകയും ചെയ്തു. മാനുഷിക കുടുംബത്തിൽ നവജാതശിശുവളർന്ന് പക്വതയാകുന്നതിന് എല്ലാവരും സഹായിക്കുന്നതുപോലെ ദൈവിക കുടുംബത്തിലും ആത്മിക പക്വതയിലേക്ക് മറ്റുള്ളവരെ എത്തിക്കുന്നതിന് നാം ഉത്സാഹിക്കണം.

പക്വതയുടെ ലക്ഷണങ്ങൾ എന്തൊക്കെയാണ്. ഭക്ഷണക്രമത്തെ നോക്കി വളർച്ചയുടെ അടയാളമെന്ന് പറയാം. അവർ പാലിൽനിന്ന് കട്ടിയായുള്ള ഭക്ഷണത്തിലേക്ക് പ്രവേശിക്കും. ദൈവവചനം നമ്മുടെ ആഹാരമാണ്. പാൽ (1 പത്രോ. 2:2) അപ്പം (മത്താ 4-4) കട്ടിയായുള്ള ആഹാരം (എബ്രാ. 5.11-14) തേൻ (സങ്കീ. 119.103) പുറമെയുള്ള മനുഷ്യന്റെ ആരോഗ്യത്തിന് സമതുലിതമായ ഭക്ഷണം ആവശ്യമായിരിക്കുന്നതുപോലെ അകമെയുള്ള മനുഷ്യന്റെ ബലത്തിനും സമീകൃതമായ ആത്മിക ആഹാരക്രമം അത്യന്താപേക്ഷിതമാണ്. ശിശു ആരംഭിക്കുന്നത് പാൽ കുടിച്ചുകൊണ്ടാണ്. എന്നാൽ വളർന്ന് പല്ലുകൾ വന്നു തുടങ്ങുമ്പോൾ കട്ടിയായുള്ള ആഹാരം ആവശ്യമാകുന്നു.

പക്വത അളക്കാൻ മറ്റൊരു മാർഗ്ഗമുണ്ട്. പക്വതയുള്ള ക്രിസ്ത്യാനി സ്നേഹത്തെ പ്രായോഗികമാക്കുകയും മറ്റുള്ളവരോട് ഐക്യത പുലർത്തുകയും ചെയ്യുന്നു. ശാഠ്യവും വഴക്കുകളും ആണ് കുട്ടികൾ ഇഷ്ടപ്പെടുന്നത്. കൊരിന്തിലെ കുഞ്ഞുങ്ങളും ഇതുപോലെ ഏതു പ്രസംഗകനാണോ - പൗലോസാണോ, അപ്പൊല്ലൊസാണോ, പത്രോസാണോ വലുതെന്ന് പറഞ്ഞ് വഴക്കിടുകയായിരുന്നു. പക്വതയില്ലാത്ത ക്രിസ്ത്യാനികൾ - ആത്മീക ഗുണദോഷങ്ങളെ തിരിച്ചറിയാത്തവർ സഭയിൽ നായക സ്ഥാനങ്ങളിലേക്ക് പ്രവേശിക്കുമ്പോൾ ഫലം വിനാശകരമായിരിക്കും. എന്താണ് ശുശ്രൂഷ? ദൈവിക കുടുംബത്തിലെ മക്കൾ വിശ്വാസത്തിൽ തികഞ്ഞവരായി യേശുക്രിസ്തുവിനോട് അധികം അനുരൂപരാകേണ്ടതിന് അവരെ സ്നേഹിക്കുകയും പോഷിപ്പിക്കുകയും അച്ചടക്കത്തിൽ നിർത്തുകയും ചെയ്യുന്നതാണ് ശുശ്രൂഷ.

കടപ്പാട് V.D.V, P.S.B. (തുടരും)

# ഉപവാസം ഉത്സവമായി

എന്നാൽ ദൈവം നൽകിയിരിക്കുന്ന പ്രമാണം അനുസരിച്ച് നാം പ്രാർത്ഥിക്കണം. എന്റെ നാമം വിളിക്കപ്പെട്ടിരി

### രാജുച്ചായനും അമ്മിണീമ്മാമ്മയും



അച്ചായൻ കുമ്പനാട്ടുനിന്നും കൊണ്ടുവന്ന 'തിരികെ സമുദായത്തിലേക്കോ' എന്ന പുസ്തകം വായിച്ചു.

വായിച്ചിട്ട് അമ്മിണിക്കുട്ടിക്ക് എന്തുതോന്നി.

യാക്കോബായ സമുദായക്കാരിയായ എന്റെ വല്യമ്മച്ചി പാടുന്ന അപ്രേമിന്റെ ബോവൂസയിലെ രണ്ടു വരിപാടാൻ തോന്നുന്നു.

വയസ്സന്മാർ പിഴച്ചാൽ<br>പൈതങ്ങൾ - അപേക്ഷിക്ക!

നമ്മുടെ പ്രാർത്ഥന ഉന്നതത്തിൽ നിന്നു മറുപടി വരുന്നുണ്ട്. സ്വർഗ്ഗീ. പിതാവിനു സ്തോത്രം!


**തുടർച്ച**

ക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടു തിരിയുമെങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തി കൊടുക്കും. (2 ദിനവൃത്താന്തം 7:14).

തങ്ങളുടെ ക്രിസ്തീയ ജീവിതത്തിന്റെ ആരംഭകാലങ്ങളിൽ നല്ലരീതിയിൽ ഉപവസിച്ചു പ്രാർത്ഥിച്ചിരുന്ന പലരും കാലങ്ങൾ കഴിഞ്ഞപ്പോൾ തങ്ങളുടെ ആത്മീയ ജീവിതത്തിൽ അലസരോ ഉത്സാഹമില്ലാത്തവരോ ആയി ത്തീർന്നു. പലരും അതിന് പല ഒഴിവുകൾ പറയും. എന്നാൽ ഹന്നാ എന്ന പ്രവാചകി 84 വയസുള്ള ഒരു വിധവ ആയിരുന്നു. അവൾ ദൈവാലയം വിട്ടു പിരിയാതെ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ രാവും പകലും ദൈവത്തെ ആരാധിക്കുന്നവൾ ആയിരുന്നു. (ലൂക്കോസ് 2:3637). നമ്മുടെ ഉപവാസവും പ്രാർത്ഥനയും നമ്മുടെ ദേശത്തിന് വിടുതലും ഉത്സവവുമായി മാറുവാൻ പ്രാർത്ഥിക്കാം. ●

*പോൾ. കെ. രാമകൃഷ്ണൻ, കുറത്തിക്കാട്*

# ഗ്രന്ഥപാരായണവും പൗലോസും



**മുഖബന്ധം:**

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളേക്കാൾ സാക്ഷരതയിലും പാരായണ വ്യുത്പത്തിയിലും കേരളം മുൻപന്തിയിൽത്തന്നെയാണ്. മലയാളികൾക്ക് സുപരിചിതമായ ഒരു ചൊല്ലാണ് വായിച്ചു വളരുക എന്നത്.

എൻ. വി. കൃഷ്ണവാര്യർ ഇങ്ങനെ എഴുതുകയുണ്ടായി

വായന കൊണ്ടേ മനുഷ്യർ വളരുന്നു<br>വായിച്ചു നിങ്ങൾ വളർന്നുകൊൾവീൻ<br>വായിക്കുവാനറിയാത്ത മർത്യനും<br>മാടും ഒരേ മട്ടിലെന്നു കേൾപ്പൂ.

വായനയുടെ വൈശിഷ്ട്യത്തിലേക്കുള്ള ഒരു ചൂണ്ടുപലകയാണീ വരികൾ. പാരായണത്തിന്, ഗ്രന്ഥങ്ങൾ വേണം, മിക്കവരും തങ്ങളുടെ ഗ്രന്ഥബന്ധം വെറും പാരായണത്തിൽ മാത്രമായി പരിമിതപ്പെടുത്തുന്നവരാണ്. അത് അവിവേകമാണ്. ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതും, പഠിക്കുന്നതും, പരിശോധിക്കുന്നതും പഠിപ്പിക്കുന്നതുമൊക്കെ അറിവു സമ്പാദത്തിനേ അനിവാര്യമാണ്.

പാരായണത്തിങ്കൽ വിശ്വാസികൾ മുൻഗണന നൽകേണ്ടത്, വിശുദ്ധ ബൈബിളിനു തന്നെ രണ്ടാം ഗണനയും വിശുദ്ധ ബൈബിളിനു തന്നെ. മൂന്നാം ഗണനയോ..... അതും ബൈബിളിനു തന്നെയാണ്. വേദപാരായണത്തിലൂടെയുള്ള അറിവു നേടൽ എന്ന പ്രക്രിയയ്ക്ക് പല പടവുകളുമുണ്ട്. കുറഞ്ഞ പക്ഷം ഇതിനെ നാലായി വിഭജിക്കാവുന്നതാണ്.

1. പ്രാഥമിക പാരായണം (Elementary Reading) പാരായണികരിൽ ബഹുഭൂരിപക്ഷം പേരും ഈ വകക്കാരണ്. ഇതിനെ ഒരു വിഹഗവീക്ഷണം എന്നോ, ഓട്ട പ്രദക്ഷിണം എന്നോ പറയാവുന്നതാണ്. ഒരൊറ്റയിരിപ്പിലിരുന്ന് ഒന്നോടിച്ചു വായിക്കുന്ന രീതി, ഇതും അവഗണിക്കാവതല്ല, എന്നാൽ നമ്മുടെ ഗ്രന്ഥ പാരായണത്തിന്റെ ലക്ഷ്യം ഇതിലൂടെ കൈവരിക്കാവതല്ല. ഓടിച്ചു വായനയിലൂടെ ഒത്തിരി കാര്യം ലഭ്യമല്ല. ആയിരത്തിൽ ഒരുത്തൻ മാത്രമാണ് സത്യം അറിയുവാൻ ശ്രമിക്കുന്നത്. അറിയുവാൻ ശ്രമിക്കുന്ന ആയിരത്തിൽ ഒരുത്തൻ മാത്രമാണ് സത്യം അറിയുന്നത് .

2. നിരീക്ഷണ പാരായണം (Inspectional Reading) വായിച്ചു വിട്ടുകളയുകയല്ല, അവയെ നിരീക്ഷണം ചെയ്യണം. ഷണ്ഡനോട് ഫിലിപ്പോസ് ചോദിച്ച ചോദ്യമിതാണ് നീ വായിക്കുന്നത് ഗ്രഹിക്കുന്നുവോ? (അപ്പോ. 8:30) അതായത് വായിച്ചതിനെ ഗ്രഹിക്കണം. ഗ്രഹിക്കണമെങ്കിൽ ഒരു നിരീക്ഷണ പാരായണം തന്നെയാണ് വേണ്ടത്. വാണിജ്യ ശാസ്ത്രനിപുണനായ ഒരാൾ രസതന്ത്രത്തെക്കുറിച്ച് അറിഞ്ഞിരിക്കണമെന്നില്ല. രസതന്ത്രജ്ഞനായ ഒരാൾ നിയമനടപടികളെക്കുറിച്ച് അറിയണമെന്നില്ല. നിയമവിദഗ്ധനായ ഒരാൾ വൈദ്യശാസ്ത്രത്തെക്കുറിച്ച് അറിഞ്ഞിരിക്കണമെന്നില്ല. നിയമവിദഗ്ധനായ ഒരാൾ വൈദ്യശാസ്ത്രത്തെക്കുറിച്ച് അറിഞ്ഞിരിക്കണമെന്നില്ല. ആരോഗ്യശാസ്ത്രജ്ഞനായ ഒരാൾ ദൈവശാസ്ത്രത്തെക്കുറിച്ച് അറിഞ്ഞിരിക്കണമെന്നില്ല. ഓരോരുത്തൻ അതതുനിലയിൽ അറിവുനേടിയിരിക്കും. അതുകൊണ്ട് പഠിതാക്കൾ, തങ്ങളുടെ ഇഷ്ടവിഷയം എന്താണെന്ന് ഗൗരവത്തോടെ തിരിച്ചറിയേണ്ടതുണ്ട്. ഇത് പാരായണത്തെ സംബന്ധിച്ച ഒരു പൊതുതത്വമാണ്. വേദപാരായണത്തിനും ഈ തത്വം ബാധകമാണ്.

3. അപഗ്രഥന പാരായണം (Analytical Reading) ഒരു പുസ്തകത്തിലെ വിഷയത്തെ ക്രമീകൃതമായി വായിച്ചു ഗ്രഹിക്കുന്ന രീതിയാണിത്. അംഗാംഗി വിഭജിച്ചുള്ള പഠനം വളരെ സൂക്ഷ്മതയും, പ്രത്യേക കഴിവും, നല്ല ഓർമ്മ ശക്തിയും ഈ പാരായണത്തിന് അനുവാര്യമാണ്. ബൈബിളിലെ, ചില പുസ്തകങ്ങളിൽ ഒന്നിലധികം വിഷയങ്ങൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്. പൗലോസിന്റെ പതിമൂന്നു ലേഖനങ്ങളിൽ യേശുക്രിസ്തുവിന്റെ ശ്രേഷ്ഠത, ക്രൂശീകരണം, പുനരുത്ഥാനം, വിശ്വാസത്താലുള്ള രക്ഷ, സ്നാനം, വേർപാട്, മരിച്ചവരുടെ പുനരുത്ഥാനം, വിശ്വാസത്താലുള്ള നീതികരണം, ദൈവസഭ ആദിയായ തിളക്കമാർന്ന വിഷയങ്ങളാണുള്ളത്. എബ്രായലേഖനമാകട്ടെ സമാഗമന കൂടാരം, പഴയനിയമ വിശ്വാസവീരന്മാർ, യേശുക്രിസ്തുവിന്റെ സ്വർഗ്ഗീയ ശുശ്രൂഷകൾ ആദിയായ കാര്യങ്ങളാൽ തേജസ്സേറിയതായിരിക്കുന്നു. അവയെ അപഗ്രഥിക്കണം.

4. സമവീക്ഷണ പാരായണം (Synoptical Reading) മുൻ പറഞ്ഞ മൂന്നു രീതികളിൽ നിന്നും വേറിട്ട ഒരു പാരായണ രീതിയാണിത്. നിശ്ചിത വിഷയത്തെ അധികരിച്ച് വ്യത്യസ്തരാൽ വിരചിതമായ വിവിധ ഗ്രന്ഥങ്ങളെ ശേഖരിച്ച് ഓരോന്നും നിരീക്ഷിക്കണം. ഇതിന് കഠിനാദ്ധ്വാനം ആവശ്യമുണ്ട്, ചെലവും.

**വേദപുസ്തകേതര പാരായണം**

വിശുദ്ധ ബൈബിൾ അതുമാത്രമാണ് ദൈവശ്വാസീയഗ്രന്ഥം. അതുമാത്രമാണ് ദൈവവചനം. ദൈവത്തിന്റെ വചനം ജീവനും ചൈതന്യവും ഉള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർവിടുവിക്കും വരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു (എബ്രാ. 4:12). രക്ഷയ്ക്ക ജ്ഞാനിയാക്കുവാൻ മതിയായത് തിരുവെഴുത്താണ് (2 തിമൊ. 3:14). അതുകൊണ്ട്, ഒരു യഥാർത്ഥ ദൈവ പൈതലിന് ഗ്രന്ഥം എന്നു കേൾക്കുന്ന മാത്രയിൽ മുന്നിൽവരേണ്ടത് വിശുദ്ധ ബൈബിൾ തന്നെയായിരിക്കണം.

ഈ വസ്തുതയെ അർത്ഥശങ്കയ്ക്കിടയില്ലാത്തവണ്ണം അംഗീകരിക്കുമ്പോൾ തന്നെ വേദപുസ്തകപാരായണത്തിനു സഹായകവും, ആത്മീകപ്രവർത്തനങ്ങൾക്ക് പ്രയോജനകരവും വിജ്ഞാനപ്രദവുമായ ഇതരഗ്രന്ഥ പാരായണത്തെയും ഒഴിവാക്കാനാവില്ല. സകലതും ശോധനചെയ്തു നല്ലതു മുറുകെപ്പിടിക്കുവിൻ എന്നാണല്ലോ പൗലോസ്യ പ്രബോധനം (1 തെസ്സ 5:21).

പൗലോസ് മറ്റുള്ളവരെ പ്രബോധിപ്പിക്കുക മാത്രമല്ല, തന്റെ ജീവിതശൈലിയും അതുതന്നെയായിരുന്നു. സകലവും ശോധന ചെയ്തു നല്ലതു മുറുകെപ്പിടിച്ചു. അക്കാലത്തെ യെഹൂദേതര തത്വശാസ്ത്രജ്ഞരുടെ സാഹിത്യസൃഷ്ടികളെയും പൗലോസ് പരിശോധിച്ചിരുന്നു. സുവിശേഷീകരണത്തിന്നുതകും വണ്ണം, ഇതര ഉദ്ധരണികളെ സാന്ദർഭികമായി തന്റെ പ്രസംഗത്തിലും മറ്റും ഉൾപ്പെടുത്തുകയും ചെയ്തുപോന്നു.

**പൗലോസിന്റെ മാതൃക**

അപ്പോസ്തലനായ പൗലോസ് തന്റെ യൗവ്വനത്തിൽ മാത്രമല്ല, വാർദ്ധക്യത്തിലും മരണത്തെ മുഖാമുഖം കാണുമ്പോഴും താൻ പാരായണ തൽപ്പരനായിരുന്നു. തിമൊഥിയോസിന് എഴുതിയ രണ്ടാം ലേഖനത്തിൽ കർപ്പൊസിന്റെ പക്കൽ വച്ചേച്ചുപോന്ന പുതപ്പും പുസ്തകങ്ങളും വിശേഷാൽ ചർമ്മലിഖിതങ്ങളും നീ വരുമ്പോൾ കൊണ്ടു വരിക (2 തിമൊ. 4:13) എന്നു നിർദ്ദേശിക്കുന്നത് അതിന്നൊരു ദൃഷ്ടാന്തമാണ്. ശീതകാലത്ത് അതിന്നൊരു ദൃഷ്ടാന്തമാണ്. ശീതകാലത്ത് പുതപ്പ് അനിവാര്യമാണ്. പുസ്തകങ്ങളും ചർമ്മലിഖിതങ്ങളുമോ? അവ പാരായണത്തിനായിട്ടാണത്രേ. ഇവിടെ പുസ്തകങ്ങൾ എന്നത് ആനുകാലിക കൃതികളും ചർമ്മലിഖിതങ്ങൾ എന്നത് വിശുദ്ധ തിരുവെഴുത്തിലെ ഭാഗങ്ങളും ആയിരിക്കും. പൗലോസ് ജീവാവസാനത്തോളം ഗ്രന്ഥപാരായണതൽപരനായിരുന്നുവെന്നതിന് മറ്റെന്തു തെളിവാണ് വേണ്ടത്?

പൗലോസ് തന്റെ രണ്ടാം മിഷണറി യാത്രയിൽ, അഥേന നഗരത്തിലെത്തി. ഗ്രീക്ക് പ്രോവിൻസിൽപ്പെട്ട ഒരു വൻ നഗരമായിരുന്നു അഥേന, തത്വശാസ്ത്രജ്ഞരുടെ സമൃദ്ധമായ സ്ഥലമായിരുന്നു അത്. ജ്ഞാനത്തെ കിരീടമായി ധരിച്ചു വാണ, ജ്ഞാന സാമ്രാട്ടുകളുടെ തലസ്ഥാനം. ലോകത്തിലേറ്റവും വലിയ ഒരിക്കലത്തെ വിജ്ഞാന കേന്ദ്രം. അറിവു സമ്പാദത്തിനായി അവിടെ അന്യദേശക്കാർ ആഗകരാകുമായിരുന്നു. സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ ഈറ്റില്ലം.

ഒരിക്കലീ തത്വശാസ്ത്രത്തിന്റെ ഞാറ്റടിയിൽ വച്ച്, എപ്പിക്കൂരിയൻ ചിന്തകരും, സ്തോയിക്കൻ ചിന്തകരും പൗലോസിനോട് സംവാദത്തിലേർപ്പെട്ടു. പൗലോസിന്റെ പ്രസംഗത്തെ പുച്ഛമായി വിലയിരുത്തേണ്ടതിനായി അരയോപഗകുന്നിന്മേൽ കൊണ്ടുനിർത്തി. രസത്തിനും നേരംപോക്കിനും വേണ്ടി മാത്രം പൗലോസിന്റെ വിടുവായത്തം ശ്രവിക്കുവാൻ അവർ തയ്യാറായി.

പൗലോസ് എന്താണ് ചെയ്തത്? നേരത്തെ തന്നെ അഥേന നഗരത്തെ ഒന്നു ചുറ്റിനടന്നുകണ്ടു. അവരുടെ മതപരമായ വിശ്വാസാചാരങ്ങളെ തിരിച്ചറിഞ്ഞു. അവിടെ അജ്ഞാതദേവൻ എന്ന് എഴുതിയിരുന്ന ഒരു വേദിക്കല്ല് കണ്ടു. അവരുടെ തത്വശാസ്ത്രജ്ഞരുടെ സാഹിത്യസൃഷ്ടികളെ വശമാക്കിയിരുന്നത് ഏറെ ഗുണകരമായി. ലോകപ്രകാരം അറിവിന്റെ നിറകുടങ്ങളായിരുന്ന അവരവിടെ അറിയാത്ത ദേവനെ പൂജിക്കുന്നു. ജ്ഞാനികൾ എന്ന് പറഞ്ഞുകൊണ്ട് അവർ മൂഢരായിപ്പോയി. ഭൗമീക സൈദ്ധാന്തികർ എന്ന് പ്രശംസിച്ചിരുന്ന അവർ ആത്മികമായ കാര്യങ്ങളിൽ അന്ധതയിൽ തപ്പുന്നവരായിരുന്നു.

ലോക തത്വശാസ്ത്രത്തിൽ ഉത്തംഗസ്ഥാനത്തെത്തി നിന്നിരുന്ന അവരോട് ബി.സി. 3-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അരാഡറ്റസിന്റെ കവിതയിൽ നിന്നും ഒരു സൂക്തം ഉദ്ധരിച്ചു. നിങ്ങളുടെ കവിവരന്മാരിൽ ചിലർ നാം അവന്റെ സന്താനം എന്നു പറഞ്ഞിരിക്കുന്നു. (അപ്പോ. 17:28). പ്രസ്തുത സിംഹഗർജ്ജനത്തിലൂടെ കൂടിവന്നിരുന്ന ലോകജ്ഞാനികളെ നിരായുധീകരിക്കുവാൻ, ദൈവീക ജ്ഞാനമാകുന്ന മിസൈലുകളെ പൗലോസ് പായിക്കുകയായിരുന്നു.

ഇതൊക്കെ നിർവ്വഹിപ്പാൻ, പൗലോസിന്റെ പാരായണ പാടവത്തെ പരിശുദ്ധാത്മാവ് പ്രയോജനപ്പെടുത്തുകയായിരുന്നു. ഗ്രന്ഥപാരായണത്തിലൂടെ താൻ കൈവരിച്ച അറിവിനെ അതത് സ്ഥലകാല സന്ദർഭത്തിനൊത്തവണ്ണം ദൈവാത്മാവ് പൗലോസിന്റെ ഓർമ്മയിൽ ദ്യോതിപ്പിച്ചുവെന്നർത്ഥം.

കർത്താവിനോടുള്ള ഭക്തി, സുവിശേഷീകരണത്തോടുള്ള എരിയുന്ന അഭിവാഞ്ച, വിശ്വാസ വിഷയത്തിലുള്ള തീക്ഷ്ണത, പ്രേഷിത വൃത്തിയിൽ പ്രകടമായ ധൈര്യം, താൻ കൈവരിച്ച വിജ്ഞാന സമ്പത്ത്, ഇവയെല്ലാം പൗലോസിന്റെ ക്രിസ്തീയ ജീവിതത്തിന്റെ മൂലധനമായിരുന്നു. വിജാതീയ കവിശ്രേഷ്ഠന്മാരുടെ കവിതകളും, അവയുടെ പൊരുളുകളുമെല്ലാം പൗലോസിനു മനഃപ്പാഠമായിരുന്നു. അവയാണത്രേ, ലോകജ്ഞാനികളുടെ അജ്ഞതയെ തുറന്നു കാണിക്കുവാൻ പൗലോസിന് ഒരു നിമിത്തമായിത്.

**ശേഷിച്ച കഷണം**

പ്രേഷിതവൃത്തിക്കായി വേർതിരിഞ്ഞ സഹോദരാ... വേദപാഠശാലയിലെ പഠനവും, ലഭിക്കുന്ന ഡിഗ്രിയുമെല്ലാം നല്ല കാര്യങ്ങളാണ്. എന്നാൽ അതോടുകൂടി എല്ലാം തികഞ്ഞെന്ന ചിന്താഗതി തെറ്റായ ഒന്നാണ്. പൈശാചികമാണ്. വാസ്തവത്തിൽ തുടർന്നുള്ള ക്രമമായ നിരീക്ഷണ അപഗ്രഥന സമവീക്ഷണപാരായണമാണ് ഏറെ ഗുണകരം. ഗ്രന്ഥപാരായണവുമായി ബന്ധപ്പെട്ട് എപ്പോഴും വായിച്ചിട്ടുള്ളതും ഈ ലേഖകനെ കോരിത്തരിപ്പിക്കുന്നതുമായ ഒരു ഉദ്ധരണിയോടുകൂടി ഈ ലേഖനത്തിന് ഒടുവിലത്തെ വിരാമമിടട്ടെ. അന്ധനാക്കി ഇരുണ്ട അറയിൽ കിടത്തിയാലും കൈനിറച്ച് പുസ്തകം തരണേ . ●

ദൃഷ്ടാന്തവീഥി

# ലേബൽ മാറിപ്പോയി...!

ന്യൂയോർക്ക് സംസ്ഥാനത്ത് ഒരു ആതുരാലയത്തിൽ ഓക്സിജനു പകരം ഹൈഡ്രജൻ ഒരു രോഗിക്ക് നൽകപ്പെട്ടതുകൊണ്ട് ആ രോഗി മരണത്തിനധീനനായി. സർജറിക്കുവിധേയനായ പ്രസ്തുത രോഗിക്ക് ഓക്സിജൻ ലേബലൊട്ടിച്ചിരുന്ന കുപ്പിയിൽനിന്നും വാതകം ശ്വസിപ്പിക്കയായിരുന്നു. നല്ല പരിശീലനം ലഭിച്ച ഡോക്ടറുടെ കയ്യിൽനിന്നുതന്നെയാണ് അപകടം സംഭവിച്ചത്. പോസ്റ്റുമോർട്ടം വെളിപ്പെടുത്തിയത് ഹൈഡ്രജൻ വിഷവ്യാപനമെന്നായിരുന്നു. ഈ അപകടത്തിന്റെ ഉത്ഭവം അന്വേഷണ വിധേയമാക്കിയതിൽ ഹോസ്പിറ്റലിൽ എത്തുന്നതിനു മുമ്പ് ഭരണിമേൽ തെറ്റായ ലേബൽ ഒട്ടിച്ചിരുന്നു. നിർമ്മാണ കമ്പനി ഏറ്റവും ആത്മാർത്ഥതയുള്ളവർ. സർജൻ പ്രശസ്തനായ വ്യക്തി. ആതുരാലയക്കാർ സത്യസന്ധകർ. രോഗി നിരപരാധൻ.

ഈ പ്രാണവായു കൈകാര്യം ചെയ്ത എല്ലാവർക്കും ആത്മാർത്ഥത ഉണ്ടായിട്ടും തെറ്റിപ്പോയ ആത്മാർത്ഥതയൊടൊപ്പം ശരിയായ മരുന്നും ആവശ്യമെന്നല്ലയോ ഇതു വ്യക്തമാക്കുന്നത്? മനുഷ്യരുടെ രക്ഷയോടുള്ള ബന്ധത്തിൽ ക്രിസ്തുവിൽകൂടെയല്ലാത്ത പാപമോചനം , സമാധാനം ഭദ്രത , സംതൃപ്തി എന്നീ തെറ്റായ ലേബലുകൾ ധരിച്ച അനേകം ഭരണികൾ ഇന്നും കാണാം.

കർത്താവായ യേശുക്രിസ്തു മനുഷ്യവർഗ്ഗത്തിന്റെ പാപവും ശാപവും ഏറ്റെടുത്തു. മനുഷ്യന്റെ പാപത്തിന്റെ ശിക്ഷയായ നരകയാതന മനുഷ്യർക്കുവേണ്ടി ദൈവമാകുന്ന യേശുക്രിസ്തു കാൽവറി കുരിശിൽ വച്ച് അനുഭവിച്ചു. നാം സഹിക്കേണ്ട ശിക്ഷ താൻ ഏറ്റതിനാൽ ഇനിയും നാം ആ യാതന അനുഭവിക്കേണ്ടതില്ല. അഥവാ നാം സ്വർഗ്ഗത്തിന് അവകാശികൾ തന്നെയാണ്. എന്നാൽ ഒരു കാര്യം ചെയ്തേ മതിയാവൂ. എന്റെ പാപശിക്ഷയുടെ പരിഹാരമായി അഥവാ എന്നെ മോക്ഷത്തിന് അവകാശിയാക്കുവാൻ കർത്താവായ യേശുക്രിസ്തു മരിച്ചു എന്നും അതിനാൽ യേശുതന്നെ എന്റെ രക്ഷിതാവ് എന്നും നാം ഓരോരുത്തരും വിശ്വസിക്കണം. അപ്പോൾ സ്വർഗ്ഗം നമ്മുടെ സ്വന്തമായിത്തീരും. കർത്താവിനെ സ്വീകരിക്കുമ്പോൾ നിത്യജീവൻ ലഭ്യമാകും. ലേബൽമാറിയതുപോലെ സുവിശേഷത്തിന്റെ ലേബൽ ശത്രുവായ പിശാചിന്റെ അനുയായികൾ എല്ലായിടത്തിലും ഉണ്ട്. ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. യോഹ. 14:6.

സമ്പാദകൻ K.C.M.

## പ്രാർത്ഥിക്കുക, സ്തോത്രം ചെയ്യണം

**പി. വിൽസൻ വി. ജയവാഡ**

2011 സെപ്റ്റംബർ ശനിയാഴ്ച സഹോദരൻ ഗുണ്ടൂറിൽ വച്ച് ടൂ വീലറിൽ വ്യക്തിയോടൊപ്പം അപകടത്തിൽപ്പെട്ടു. തലയ്ക്ക് മുറിവുകൾ ഉണ്ടായി. ആശുപത്രിയിൽ ചികിത്സിച്ചു ഇപ്പോൾ ഇടത്തെ കാൽമുട്ടിന് വീക്കം ഉണ്ട്. പ്രാർത്ഥിക്കുക.

**ബാബു തോമസ് ടോക്കപാൽ**

കർത്തൃകൃപയാൽ പ്രവർത്തനങ്ങൾ നടക്കുന്നു. പുതിയനിയമം ഹൽബി ഭാഷയിൽ തർജ്ജിമ പ്രോജക്റ്റ് പൂർത്തിയായി.

**ജോസി ഡാലി. വാപി.**

താഴെ കാണുന്ന വിഷയങ്ങൾക്ക് പ്രാർത്ഥിക്കുക. ബാൻഡർപാഡകിലും ചുറ്റുപാടിലും നടക്കുന്ന മിനിസ്ട്രി (21 വില്ലേജ് - നാസിക് ജില്ല.)

**ആർ. സോമൻ, ഇടുക്കി** - പ്രവർത്തനം പുതിയ ഒരു സ്ഥലത്ത് തുടരുന്നു.

പുതിയ അഡ്രസ്സ്: R. Soman, Gospel Home, Padamugham P.O., Kallippara - 685604, Idukki, Kerala.

പി.റ്റി. ചാക്കോ, Pahmalapong,
Nongpoh R1, Bhoirt - 793102, Meghalaya.

സഹോദരൻ ഡയബെറ്റിക് ചികിത്സക്ക് ഹോസ്പിറ്റലിൽ ചെക്ക്അപ് നടത്തി. ഹൈ ബ്ലഡ് പ്രഷറും കൊളസ്ട്രോൾ ലെവൽസ് എന്നിവ അനുവദിക്കുന്നതിനു മീതെയാണ്. പ്രാർത്ഥിക്കുക.

**വി.എം. ജോർജ്, ഉദയപൂർ.**

ഉദയപൂരിലെ പ്രവർത്തനങ്ങൾ ദൈവകൃപയാൽ നടക്കുന്നു. നിചാലഗോയര അസംബ്ലിയിൽ പുതിയ വിശ്വാസികൾ കഴിഞ്ഞ നാളുകളിൽ ദൈവകൃപയിൽ ചേർന്നു. അസംബ്ലിഹോളിന്റെ പണികൾ പൂർത്തിയാകുവാൻ പ്രാർത്ഥിക്കുക.

## ബൈബിൾ ക്വിസ് 3

### ഞാൻ ആര്?

എന്റെ പേരിന് മൂന്നക്ഷരവും ഒരു അനുസ്വാരവുമുണ്ട്. ഞാനില്ലാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുകയില്ല. ഞാൻ മുഖാന്തിരം അനേകർ അദൃശ്യ ദൈവത്തെ കണ്ടിട്ടുണ്ട്.

ഞാൻ യെരിഹോവിന്റെ മതിൽ തകർത്തു. തീയുടെ ബലം കെടുത്തിയിട്ടുണ്ട്. മോശെ കൊട്ടാരത്തിൽ നിന്നും ഇറങ്ങിപ്പോയി. കഷ്ടം അനുഭവിച്ചതിന്റെ ഉത്തരവാദി ഞാനാണ്. ഞാനില്ലാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുകയില്ല. എനിക്ക് മലകളെ കടലിലേക്കയക്കാൻ കഴിയും.

ഞാൻ മൂലം ഒരുവൻ വീട്ടിൽ നിന്നു ഇറങ്ങിപ്പോയി. എനിക്ക് ഒരു ശത്രുവുണ്ട്. എന്റെ പേരിനോട് ഒരക്ഷരം ചേർത്താൽ അവനെ കണ്ടുപിടിക്കാം. ഞാൻ ചെയ്തിരുന്നത് അവൻ നശിപ്പിക്കാറുണ്ട്.

ഒരു പോസ്റ്റ് കാർഡിൽ
എന്റെ പേര് എഴുതി
ജോ. അങ്കിൾ, പി.ബി. നമ്പർ 8
പാമ്പാടി പി.ഒ. 686 502. പോസ്റ്റ് ചെയ്യുക.

**ബൈബിൾ ക്വിസ് 2-ന്റെ ഉത്തരം**

'കാറ്റ്' ശരിയുത്തരം ഒരാൾ മാത്രം.
ആബെൽ സാം സന്തോഷ് എൻ.വി.എൻ.
54 പേരൂർകട പി. ഒ.
തിരുവനന്തപുരം 695 005.

*പീറ്റർ ഫിലിപ്പ്, ട്രീസാ, സാം*

# ക്രിസ്തുവിന്റെ സ്ഥാനാപതികൾ (4)

എന്റെ കൂടുംബം അസംബ്ലി കൂട്ടായ്മയിലായിരുന്നു. സൺഡേസ്കൂൾ പഠനത്തിൽ കർത്താവിനെ അറിഞ്ഞു. 12-ാം വയസ്സിൽ ദൈവപൈതലായി. തൃശൂരിൽ ചെറക്കാകോട് സ്ഥലം സഭാംഗമായി. ചെറുപ്പത്തിൽ തന്നെ സഭയിൽ കർത്തൃവേലയിൽ താൽപര്യമുണ്ടായിരുന്നു. പഠനത്തിനുശേഷം ഒരു ജോലിയിൽ ചേർന്നു. എങ്കിലും കർത്തൃസേവനത്തിനായിരുന്നു താൽപര്യം.

ദൈവവിളി വ്യക്തമായി എനിക്ക് ബോദ്ധ്യമുണ്ടായിരുന്നു. എങ്കിലും എന്റെ കുടുംബസാഹചര്യം ജോലി നിരസ്സിക്കുവാൻ അനുവദിച്ചില്ല. എങ്കിലും കർത്താവിന്റെ വേലയിൽ പങ്കെടുത്തിരുന്നു. ഒടുവിൽ 1988-ൽ എന്റെ ജീവിതം കർത്താവിന് സമർപ്പിച്ചു.

ഒരു ബൈബിൾ കോളേജിൽ നാലു വർഷം പഠിച്ചു. 1992-ൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുവാൻ തുടങ്ങി. 2000-ാം വർഷം വടക്കാഞ്ചേരി സഭയോടു ചേർന്നു. കർത്താവിനെ സേവിക്കുന്നു.

ഇപ്പോൾ 20 കൂടുംബങ്ങൾ കൂടിവരവിലുണ്ട്. ഭവനസന്ദർശനം, സൺഡേസ്കൂൾ, ബൈബിൾ ക്ലാസ്സ് പ്രവർത്തനങ്ങൾ തുടരുന്നു.

പ്രാർത്ഥനക്കായി എന്റെ ആരോഗ്യത്തെക്കുറിച്ച് അപേക്ഷിക്കുന്നു. 19 വർഷങ്ങളായി എന്റെ കാലിന് വേദനയിൽ പ്രയാസപ്പെടുന്നു. അനേക വിശുദ്ധന്മാരുടെ പ്രാർത്ഥനയാൽ കുറെ ആശ്വാസം ലഭിക്കുന്നുണ്ട്.

Peter Philip, Jeevasabdam, Santhinagar,
Vadakkanchery, Palakkad - 678683.

# സ്ഥാനീയ സഭകൾ

തുടർച്ച

കാരും സഭയിൽ ഉണ്ടായിവന്നു. തൽഫലമായി ക്രിസ്തീയ സാക്ഷ്യത്തിന്റെ നിർമ്മലത പാലിക്കാൻ കഴിയാതെപോയി. അപ്പോസല്തോലീക കാലത്തെ സഭയുടെ സുഭദ്രതക്കായി ഉണ്ടായിരുന്ന രക്ഷാകരുതലുകൾ ഇക്കാലത്തില്ല (പ്രവൃ. 5:13).

**കൂട്ടായ്മയുടെ അടിസ്ഥാനം**

അന്യോന്യം പങ്കാളികളായി സഹകരിച്ചു അനുഭവിക്കുക എന്നതാണ് കൂട്ടായ്മയുടെ അർത്ഥം. ഓരോരുത്തർ മറ്റുള്ളവരുടെ താൽപര്യങ്ങളെ സ്നേഹബന്ധം മുൻനിറുത്തി പ്രവർത്തിച്ചുപോന്നു. പ്രവൃത്തി 2:42, 1 കൊരി. 9:12, 8:23, 1 കൊരി. 10:18).

കർത്താവായ യേശുവിന്റെ ആളത്വവും വീണ്ടെടുപ്പിൻ വേലയുമാണ് സ്ഥലം സഭയുടെ കൂട്ടായ്മയുടെ അടിസ്ഥാനം. പ്രത്യേകിച്ച് ക്രിസ്തുവിന്റെ ആളത്വം, ക്രൂശുമരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം, തിരിച്ചുവരവ് എന്നിവയാണ് അടിസ്ഥാന വിഷയങ്ങൾ (1 കൊരി. 1:9, ഫിലി. 2:1-8, 1 യോഹ. 1:17).

ക്രിസ്തു കൈക്കൊണ്ടവരെ സ്ഥലം സഭയും കൈക്കാൾക എന്നതാണ് പൊതുപ്രമാണം (റോമ. 15:7) ഒരുവൻ ക്രിസ്തു ശരീരത്തിൽ അവയവമായിരിക്കുന്നു എന്നതാണ് കൂട്ടായ്മയുടെ അടിസ്ഥാനമായി ഇവിടെ കാണുന്ന വിഷയം.

എന്നാൽ പ്രത്യേക കാരണങ്ങളാൽ ഈ പ്രമാണത്തിൽ നിന്നു വ്യത്യസ്തമായ നില സ്വീകരിക്കേണ്ടിവരും.

1. അംഗീകരിക്കേണ്ട വ്യക്തി ജീവിത ശുദ്ധിയുള്ളവനായിരിക്കണം (കൊരി. 5:11).

2. ഒരു സ്ഥലംസഭ ആരുടെ മേലെങ്കിലും ശിക്ഷാനടപടി സ്വീകരിക്കുന്നുണ്ടെങ്കിൽ ആ വ്യക്തിയെ അംഗീകരിക്കുന്നതു തെറ്റാണ് (1 കൊരി. 5:13) ഇതിനു വിപരീതമായി പ്രവർത്തിക്കുന്നതു ശരീരത്തിന്റെ ഐക്യബന്ധത്തെ നിരാകരിക്കുന്നതായിരിക്കും (എഫേ. 4:4). ശിക്ഷാനടപടിക്കു വിധേയപ്പെടുന്നവർ കർത്താവിനോടും അവന്റെ ജനത്തോടും യഥാസ്ഥാനപ്പെട്ടു ചേരുന്നതുവരെ ചുങ്കക്കാരനും പുറജാതിയും എന്നപോലെയിരിക്കും (മത്താ. 18:17).

3. ഉപദേശവിശുദ്ധിയില്ലാത്തവരെ സ്വീകരിക്കരുത് (2 യോഹ. 10) സ്വീകരണത്തെക്കുറിച്ചുള്ള മറ്റു നിർദ്ദേശങ്ങൾ: വിശ്വാസത്തിൽ ബലഹീനനായവനെ ചേർത്തുകൊള്ളണം. മുഖപക്ഷം നോക്കാതെ സ്വീകരിക്കണം (യാക്കോ. 2:1-5) (റോമർ 14:1) ധനവാനോ ദരിദ്രനോ എന്നു വിവേചിക്കണം സ്വീകരിക്കണം എന്നു സാരം. വിവിധ സ്ഥിതിയുള്ളവരെക്കൊണ്ടുള്ള ഒരു സഭയാണ് ആദർശസഭയെന്നു വിചാരിക്കാം.

ഒരുവനു ലഭിച്ച ആത്മപ്രകാശത്തിന്റെ ആത്മാവിനെയല്ല ജീവിതത്തെ അനുസരിച്ചാണ് അവനെ അംഗീകരിക്കേണ്ടത് (പ്രവൃ. 9:26-28) ഒരുവൻ രക്ഷിക്കപ്പെടുന്നതിനു മുമ്പ് എങ്ങനെയുള്ളവനായിരുന്നുവെന്നു ചിന്തിക്കാതെ സ്വീകരിക്കേണ്ടതാണ് (പ്രവൃ. 9:13, 15) വിശ്വാസികളെ ക്രിസ്തുവിലുള്ള സന്തോഷത്തോടെ സ്വീകരിക്കണം (ഫിലി. 2:29) ശരീരത്തിലെ ഏറ്റവും ബലഹീനമായ അവയവത്തെ എങ്ങനെ സ്വീകരിക്കുമോ ആ അളവിലാണ് നാം കർത്താവിനെ ആദരിക്കുന്നത് (മത്താ. 25:40).

കൂട്ടായ്മ പ്രായോഗികമാക്കുന്നു (1 യോഹ. 1:6, 7) കർത്താവിനോടുകൂടെ വെളിച്ചത്തിൽ നടക്കുന്നതിനാൽ (2 കൊരി. 6:15) നമ്മുടെ ആരാധനയിൽ ഇതു വെളിപ്പെടുത്തുന്നു (1 കൊരി. 10:16-26) ഒരുവൻ രക്ഷിക്കപ്പെട്ടതാണെന്നും കൂട്ടായ്മയിൽ സംബന്ധിക്കുന്നതിനു യോഗ്യനാണെന്നും സ്ഥലം സഭയ്ക്കു ബോദ്ധ്യമാകുന്നതെങ്ങനെ? അങ്ങനെ വരുന്ന വ്യക്തി ഉൾപ്പെട്ടു നിൽക്കുന്ന സഭയുടെ സാക്ഷ്യപത്രം കൊണ്ടുവരുന്നതിനാൽ (റോമ. 16:1, 2; 2 കൊരി. 3:13) രണ്ടോ മൂന്നോ സാക്ഷികളുടെ വാമൊഴിയാൽ (മത്താ. 18:16) സ്ഥലം സഭയ്ക്കു ബോദ്ധ്യമുള്ള ഒരാളുടെ സാക്ഷ്യത്തിൽ (റോമ. 16:1, ഫിലി. 2:28-30) ക്രിസ്തുവിന്റെ ദാസനെന്നനിലയിൽ ആ വ്യക്തിയുടെ പ്രശസ്തി. (2 കൊരി. 3:1-3) സ്ഥലം സഭ ആവശ്യമായിരിക്കുന്ന അന്വേഷണം നടത്തുക. സാധാരണഗതിയിൽ മൂപ്പന്മാർ ആ വ്യക്തിയുടെ സ്വഭാവവും വിശ്വാസവും നേരിട്ടു ചോദിച്ചറിയുക, ഒരുവന്റെ സ്വന്തം സാക്ഷ്യത്താൽ ആദിമസഭയിൽ കൂട്ടായ്മ പ്രയോഗികമാക്കിയ രീതി (പ്രവൃ. 2:42). ക്രിസ്തുവിന്റെ മരണ പുനരുത്ഥാനങ്ങളെക്കുറിച്ചു അപ്പോസ്തലന്മാർ പഠിപ്പിച്ചിരുന്നു. നിരന്തരമായ കൂട്ടായ്മ പാലിച്ചുവന്നു. വസ്തുവകകളും ഭക്ഷണ കാര്യങ്ങളും പൊതുവായി അനുഭവിച്ചുവന്നു. ദിനംപ്രതി അപ്പം നുറുക്കി കർത്താവിനെ ഓർത്തുപോന്നു. പ്രാർത്ഥനായോഗങ്ങളും ഉണ്ടായിരുന്നു.

**സ്ഥലം സഭയുടെ ലക്ഷ്യം:**

ഒരു സ്ഥലം സഭയുടെ നിലനിൽപ്പുകൊണ്ട് സാധിക്കേണ്ട പ്രധാനകാര്യം ദൈവ മഹത്വം കരേറ്റുകയാണ് (എബ്രാ. 3:21) ഈ ബന്ധത്തിൽ മറ്റു പല ലക്ഷ്യങ്ങളുമുള്ളതായി കാണാം. ദൈവത്തെ ആരാധിച്ച് നന്ദിയും സ്തുതിയും സ്തോത്രങ്ങളും കരേറ്റുക (1 കൊരി. 14) സ്വർഗ്ഗത്തിലെ വാഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം പ്രദർശിപ്പിക്കുക (എഫെ. 3:10, 11), സ്നേഹത്തിൽ ആത്മീയവർദ്ധന വരുത്തുക (എഫെ. 4:16) ദരിദ്രന്മാരെ സഹായിക്കുക ഗലാ. 6:10, 2:10, 2 കൊരി. 8, 9, പ്രവൃ. 6:1-5. ലോകത്തോടു സുവിശേഷം അറിയിക്കുക (ഫിലി. 1:5, 2:16; 4:15, 1 തെസ്സ. 1:8).

## BRETHREN ASSEMBLY, MAVELIKARA

**Thazhakara P.O. Mavelikara, Alappuzha Dist. Kerala**

**COMMENDATION**

MAVELIKARA: We are happy to commend Bro. Yesudas P.C. C/O Thomas Joseph, Kurenar, Bande P.O., Kanker District, Chhattisgrah-494 777 as a full time Evangelist of Mavelikara Brethren Assembly. He became a believer from the Catholic background and we are convinced of his call and commitment for the full time ministry. He had his biblical training from Gospel training Centre (Perumbavoor), and Brethren Bible Institute (Pathanamthitta). He is now working at Irpanar and now in fellowship with the Christian Assembly, Irpanar, Chhattigrah. He is married to Ansy and they are blessed with a daughter (Ailisl) . We have great pleasure to recommend him for your prayer and support. (Ninan K.Easow, P.D. Pappy & Dr. K.C. Johnson)

## വിട്ടുപിരിഞ്ഞു ക്രിസ്തുവിനോട് കൂടെ മഹത്വത്തിൽ

### പ്രൊഫ. ജി സുശീലൻ


**മലയിൽകീഴ്, (തിരുവനന്തപുരം) :** കൊപ്പച്ചി വിളാകത്ത് പ്രൊഫ. ജി സുശീലൻ (65) കർത്തൃസന്നിധി ചേർന്നു. ബഹു ഭാഷാ പണ്ഡിതനും ബൈബിൾ പണ്ഡിതനുമായിരുന്നു. എബ്രായ, ഗ്രീക്ക്, ലാറ്റിൻ ഭാഷകളിൽ പ്രാവീണ്യമുണ്ടായിരുന്നു.



ബൈബിൾ ജ്ഞാന ഭാഷ്യം. വ്യവസ്ഥിത ദൈവശാസ്ത്രം എന്നിവ രചിച്ചു. ദേശമണി മെമ്മോറിയൽ ക്രിസ്ത്യൻ കോളേജിൽ അധ്യാപകനായും ഗ്രേഡ് ലൈബ്രറിയനുമായും സേവനം അനുഷ്ഠിച്ചു.

### ഡോ. എം.എം. ജോൺ

**ഐമനം:** മണക്കുളത്തിൽ പരേതരായ എം.എ. മാത്യൂ, ശോശാമ്മ - ദമ്പതികളുടെ മകനായി 1936 ൽ ജനിച്ചു. പിതാവ് ഉറച്ചു നിന്ന വിശ്വാസ മാർഗ്ഗത്തിനുവേണ്ട ചെറുപ്രായത്തിൽ തന്നെ ജീവിതം സമർപ്പിച്ചു. ജനപ്രിയനായ ഹോമിയോ ഡോക്ടറായി ആതുര



സേവന രംഗത്ത് 62 ദീർഘ വർഷങ്ങൾ പ്രവർത്തിച്ചു. സാന്നിധ്യം എപ്പോഴുമുണ്ടായിരു ന്നു. കോട്ടയം മെഡിക്കൽ കോളേജിന്റെ ഡെവലപ്മെന്റ് കമ്മറ്റി അംഗമായിരുന്നു. കുടമാളൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ ബോർഡ് മെമ്പറായി സെവനം നൽകി. സ്ഥലം സഭയിൽ സജീവമായിരുന്നു. ഭാര്യ കൊല്ലാട് വൈക്കത്ത് കുട്ടിയമ്മ മക്കൾ: സാം മാത്യൂ ജോൺ, സൂസമ്മ തോമസ്, സിനി റോബർട്ട്, സാജൻ ഇ.ജോൺ. മരുമക്കൾ സിസിലി സാം, റ്റി. ടി. തോമസ്, റോബർട്ട് തോമസ്, റെജിന സാജൻ. സന്തപ്ത കുടുംബാംഗങ്ങളെ പ്രാർത്ഥകളിൽ ഓർക്കുക.

Printed & Published by K.C. Mathew, Mizpha, Pampady, Kottayam
Design, Layout & Printed at Geo Offset, Manarcad, Kottayam
Postal Registration No. KL/KTM/278/2012-14
Posted at R.M.S. Kottayam on 30.1.2012

To,
Mr./Mrs./Sri.

From
K.C. Mathew, P.B. No.8
Pampady, Kottayam, Ph: 0481-2508589
PIN: 686 502. E-mail: highrangeecho@gmail.com

Owned, Printed, Published and Edited by K.C. Mathew, Published from Mizpha, Pampady, Kottayam and Printed at Geo Offset Press, Manarcad, Kottayam.